# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പനങ്ങാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി പി2/1280/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 05/10/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പനങ്ങാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. കെ.കെ.ഡി പി2/1280/2023 തീയ്യതി: 05/10/2023

## കോഴിക്കോട് ജില്ലയിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജോഷോ ബെന്നറ്റ് ജോൺ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 26-07-2023 | 02-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-07-2023 | 02-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീമതി ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
2. ശ്രീമതി ഷൈന എ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ശ്രീ അബ്ദുൾ നസീർ ടി.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീമതി ലത.ടി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
5. ശ്രീ ബിബിൻ ഇ.സി, ഓഡിറ്റർ

6.ശ്രീമതി അശ്വതി ജെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. വി.എം. കുട്ടികൃഷ്ണൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. മുഹമ്മദ് ലുക്മാൻ.എം.പി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഗിരീഷ് കുമാർ.ഇ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 13-05-2022 |
| ശ്രീ.ഷാനവാസ്.ടി | അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ് | 14-05-2022 | 30-05-2022 |
| ശ്രീ.പ്രകാശൻ.കെ.എം | അസിസ്റ്റന്റ് സെക്രട്ടറി | 31-05-2022 | 16-10-2022 |
| ശ്രീ.സജിത്ത്.കെ.പി | അസിസ്റ്റന്റ് സെക്രട്ടറി | 17-10-2022 | 31-03-2023 |
| ശ്രീമതി.അർച്ചന ശ്യാം | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ശിവപ്രസാദ്.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.മുഹമ്മദ് നവാസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-07-2022 |
| ശ്രീ.വിശാന്ത്.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-08-2022 | 31-03-2023 |
| ഡോ.എ.ജെ.ജോയ് | വെറ്ററിനറി സർജൻ | 01-04-2022 | 25-12-2022 |
| ഡോ.സാക്കിയ | വെറ്ററിനറി സർജൻ | 26-12-2022 | 12-01-2023 |
| ഡോ.അനീഷ് കുമാർ.കെ | വെറ്ററിനറി സർജൻ | 13-01-2023 | 31-03-2023 |
| ശ്രീമതി.അജിത.ടി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ. ശരണ്യ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ.അപർണ | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ. ഷീലാ റാണി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 22-09-2022 |
| ഡോ. ബിനോയ്.എ. പി | മെഡിക്കൽ | 23-09-2022 | 28-02-2023 |

| | | | |
|---|---|---|---|
| | ഓഫീസർ(ആയുർവേദം) | | |
| ഡോ. മിനി. ജെ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-03-2023 | 31-03-2023 |
| ഡോ. മുഹമ്മദ് റാഷിദ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീ.അബ്ദുൾബാരി.എ | ഹെഡ് മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ.ശശി.കെ.എം | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ശ്രീ.നിബാഷ് | വി.ഇ.ഒ. | 01-04-2022 | 03-05-2022 |
| ശ്രീമതി.സൗമ്യ.എസ്.നായർ | വി.ഇ.ഒ | 04-05-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല | 1-1-1 |
| 3 | ക്യഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | Liability In Respect Of Stale Cheques ഇനത്തിൽ തുക ഉൾപ്പെടുത്തിയില്ല | 1-1-2 |
| 5 | Capital Work In Progress(B-11(b)) ഷെഡ്യൂളിൽ പാർട്ട് ബില്ല് ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-1-5 |
| 7 | ക്ലോസിംഗ് സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. | 1-1-6 |
| 8 | ഡെപ്പോസിറ്റ് ഇനത്തിൽ മുൻവർഷ നീക്കിയിരിപ്പും തൻവർഷ കണക്കുകളും പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം(ACR) | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 15 | ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർ നടപടിയില്ല | 1-8 |
| 16 | അനധികൃത നിർമ്മാണം - തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമല്ല. | 1-9 |
| 17 | സഞ്ചയ സോഫ്റ്റ് വെയറിൽ ചില കെട്ടിടങ്ങൾക്ക് ഉപയോഗ ക്രമം രേഖപ്പെടുത്താതെ നികുതി ഇളവ് നൽകി. | 1-10 |
| 18 | മൊബൈൽ ടവറിന്റെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത | 1-11 |
| 19 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ – തനത് വരുമാനത്തിൽ നഷ്ടം | 1-12 |
| 20 | ടാക്സ് ഓഡിറ്റ് - പൊതു പരാമർശങ്ങൾ | 1-13 |
| 21 | തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉചിതമായ ഇടപെടലുകൾ നടന്നിട്ടുണ്ട്. | 1-13 -1 |
| 22 | ബജറ്റിൽ നിർദേശിച്ചിട്ടുള്ള തനത് വരുമാനവും വാർഷിക കണക്കിലെ തനത് വരുമാനവും വ്യത്യാസപ്പെട്ടിരിക്കുന്നു. | 1-13 -2 |

| | | |
|---|---|---|
| 23 | കുടിശ്ശിക | 1-13 -3 |
| 24 | വസ്തുനികുതി - ഡിമാന്റ് എൻട്രി കൃത്യമായി രേഖപ്പെടുത്തുന്നില്ല. | 1-13 - 4 |
| 25 | 01/04/2023 പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണം | 1-13 -5 |
| 26 | ഇ – പേയ് മെന്റ് മുഖേന അടവാക്കുന്ന തുക ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആവുന്നില്ല. | 1-13-6 |
| 27 | വിനോദനികുതി | 1-13 -7 |
| 28 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ വിതരണം ചെയ്ത കരാറുകാരനിൽ നിന്നും ആദായ നികുതിയും ജി.എസ് .ടി.യും ഈടാക്കിയില്ല. | 1-14 |
| 29 | തുക കൈമാറി - കെ.എം.എസ്.സി എല്ലിൽ നിന്നും മരുന്ന് ലഭ്യമായില്ല. | 1-15 |
| 30 | R-track Survey- കണക്കിവിറ്റി മാപ്പ് തയ്യാറാക്കുന്ന പ്രവർത്തി പൂർത്തിയാക്കിയിട്ടില്ല | 1-16 |
| 31 | സോളാർ ഇൻവേർട്ടർ സ്ഥാപിക്കൽ - വിനിയോഗ വിവരം ലഭ്യമല്ല. | 1-17 |
| 32 | വിവിധ ഏജൻസികൾക്ക് തുക കൈമാറി -വിനിയോഗ വിവരം ലഭ്യമല്ല. | 1-18 |
| 33 | കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിക്കൽ പദ്ധതി -റെയ്ഡ്കോയ്ക്ക് അധിക തുക അനുവദിക്കുന്നു | 1-19 |
| 34 | ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം പ്രവർത്തനം അപാകതകൾ | 1-20 |
| 35 | പാട്ടത്തിനെടുത്ത വ്യവസായ എസ്റ്റേറ്റ് സ്ഥലത്ത് നിർമ്മിച്ച വനിതാ വ്യവസായ കേന്ദ്രത്തിൽ വ്യവസായങ്ങൾ ആരംഭിക്കാത്തത് ഗ്രാമ പഞ്ചായത്തിന് വൻബാധ്യതയാകുന്നു,പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 1-21 |
| 36 | ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ - മരുന്ന് നാളിതു വരെ ലഭ്യമായില്ല | 1-22 |
| 37 | യൂസേഴ്സ് ഫീയിലുള്ള കുറവു കാരണം പഞ്ചായത്തിന് അധിക ബാധ്യതയുണ്ടാവുന്നു | 1-23 |
| 38 | സർക്കാർ ഇടപാടുകൾക്ക് ബാങ്ക് ചാർജ് ഈടാക്കുന്നു | 1-24 |
| 39 | ഫിഷറീസ് മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. | 1-25 |
| 40 | ജൽ ജീവൻ പദ്ധതിക്ക് വേണ്ടി പൊളിച്ചുമാറ്റിയ റോഡുകൾ പുനസ്ഥാപിക്കുന്നതിൽ വീഴ്ച | 1-26 |
| | ഭാഗം **2** | |
| 1 | മൊബൈൽ ടവറിന്റെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത | 2-1 |
| 2 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ – തനത് വരുമാനത്തിൽ നഷ്ടം | 2-2 |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |

| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരളത്തിലെ പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215 (4) പ്രകാരം പഞ്ചായത്തിന്റെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 27.06.2023 ലെ 1/1 തീരുമാന പ്രകാരം തയ്യാറാക്കി 27.06.2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ രസീത്, പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്തി രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.
അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല

ഓഡിറ്റിന് സമർപ്പിച്ച 2022-23 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ

ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022 - 23 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 93,78,930/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 83,11,634/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-2 Liability In Respect Of Stale Cheques ഇനത്തിൽ തുക ഉൾപ്പെടുത്തിയില്ല

വാർഷിക കണക്കിൽ B9 ഷെഡ്യൂൾ പ്രകാരം Liability In Respect Of Stale Cheques ഇനത്തിൽ തുകയൊന്നും അവശേഷിക്കുന്നില്ല, എന്നാൽ റീക്കൺസിലിയേഷൻ സറ്റേറ്റ്മെന്റ് പ്രകാരം ( Panangad Service Co-operative Bank - 1104 ) സ്ഥാപനം 10/05/2022 ന് ഇഷ്യു ചെയ്ത 450 രൂപയുടെ ചെക്ക് (നമ്പർ.47796) നാളിതുവരെയും പണമായതായി കാണുന്നില്ല. ഈ തുക Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. 02/08/2023 ലെ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ 03/08/2023 ന് Stale Cheque ഇനത്തിൽ വരവ് വച്ചതായി അറിയിച്ചിട്ടുണ്ട്.

### 1-1-4 Capital Work In Progress(B-11(b)) ഷെഡ്യൂളിൽ പാർട്ട് ബില്ല് ഉൾപ്പെടുത്തിയിട്ടില്ല

അസി.എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ ചില പ്രവർത്തികൾക്ക് പാർട്ട് ബിൽ തുക നൽകിയിട്ടുണ്ട്. എന്നാൽ, വാർഷിക കണക്കിലെ Capital Work In Progress(B-11(b)) ഷെഡ്യൂളിൽ പൂജ്യമായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

### 1-1-5 ആസ്തി രജിസ്റ്റർ കാലികമാക്കി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ടെങ്കിലും ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ മൂല്യം പരിശോധിക്കാൻ ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.. ആയത് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

### 1-1-6 ക്ലോസിംഗ് സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.

ക്ലോസിംഗ് സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58, 4(എ).

### 1-1-7 ഡെപ്പോസിറ്റ് ഇനത്തിൽ മുൻവർഷ നീക്കിയിരിപ്പും തൻവർഷ കണക്കുകളും പൊരുത്തപ്പെടുന്നില്ല.

ഡെപ്പോസിറ്റ് ഇനത്തിൽ 2021-22 ബാലൻസ് ഷീറ്റ് ബി.7ഷെഡ്യൂളിലെ തുക + (2022-23 വർഷം ലഭിച്ച തുക ആർ.പി-33 വരവ് ഭാഗം) – 2022-23 വർഷത്തെ ചെലവ് ആർ.പി.33 ചെലവ് ഭാഗം) ചെയ്താൽ ലഭിക്കുന്ന തുകയായ 17,20,985 രൂപയും 2022-23 ബാലൻസ് ഷീറ്റ് ബി7 ലെ നീക്കിയിരിപ്പ് തുകയായ 14,00,812 രൂപയും വ്യത്യാസപ്പെട്ടിരിക്കുന്നു.

### 1-2 ബജറ്റ്

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23/03/2022 തിയ്യതിയിലെ 1/ 1 (1) നമ്പർ തീരുമാന പ്രകാരം ഓഡിറ്റ് വർഷത്തെ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 27/02/2023 ലെ 1/ 1 നമ്പർ ഭരണസമിതി തീരുമാന പ്രകാരവും അംഗീകരിച്ചു. 2022-23 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 6,09,35,508 |
| വരവ് | 43,27,69,845 |
| ആകെ | 49,37,05,353 |
| ചെലവ് | 46,36,33,150 |
| നീക്കിയിരിപ്പ് | 3,00,72,203 |

## 1-3 സാമ്പത്തിക വിശകലനം

(റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 3,72,11,882 |
| വരവ് | 6,20,51,481 |
| ആകെ | 9,92,63,363 |
| ചെലവ് | 5,26,72,551 |
| നീക്കിയിരിപ്പ് | 4,65,90,812 |

## 1-4 ഫണ്ട് വിനിയോഗം(ACR)

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 22701285 | 22701285 | 21641046 | 1060239 |
| വികസന ഫണ്ട്-എസ്.സി.പി(ACR പ്രകാരം) | | 0 | 6827685 | 6827685 | 6827685 | 0 |
| വികസന ഫണ്ട്-ടി.എസ്.പി(ACR പ്രകാരം) | | 0 | 556735 | 556735 | 556735 | 0 |
| മെയിന്റനൻസ്, നോൺ-റോഡ്(ACR പ്രകാരം) | | 0 | 7852000 | 7852000 | 6985324 | 866676 |
| മെയിന്റനൻസ്, റോഡ്(ACR പ്രകാരം) | | 0 | 5650000 | 5650000 | 3608581 | 2041419 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) | ബാങ്ക് | 500254 | 4387813 | 4888067 | 3909836 | 978231 |
| | ട്രഷറി | 227077 | 0 | 227077 | 227077 | 0 |
| സെൻട്രൽ ഫിനാൻസ് | ബാങ്ക് | 2081999 | 6269000 | 8350999 | 5283080 | 3067919 |

| | | | | | | |
|---|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് (Tied) | ട്രഷറി | 3757283 | 0 | 3757283 | 2589299 | 1167984 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 187 | 203496603 | 159 | 85511354 | 28 | 85.02 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 9 | 9 | 5458969 | 5443962 | 99.7% |
| വെറ്ററിനറി സർജൻ | 6 | 4 | 3570000 | 2458616 | 68.8% |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 19 | 17 | 5207174 | 4669895 | 89.6% |
| മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 2 | 2 | 325000 | 275000 | 84.6 % |
| മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 4 | 4 | 1969178 | 1951678 | 99.1 % |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 21 | 19 | 120560944 | 25029245 | 20.7 % |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 8 | 8391257 | 7459309 | 88.8 % |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 40 | 33 | 10025321 | 8305943 | 82.8 |
| ഡയറി ഫാം ഓഫീസർ | 3 | 3 | 2875000 | 2803000 | 97.4% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 61 | 48 | 41327822 | 23634509 | 57.1% |
| അസി.സെക്രട്ടറി | 8 | 7 | 2436270 | 2172770 | 89.1% |
| ഹെഡ് മാസ്റ്റർ | 5 | 5 | 1349668 | 1307427 | 96.8% |
| | 187 | 159 | 203496603 | 85511354 | 42.02% |

ഡി.പി.സി. അംഗീകാരം ലഭിച്ച 187 പ്രൊജക്റ്റുകളിൽ 159 എണ്ണം ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 203496603/-രൂപ വകയിരുത്തിയതിൽ 85511354/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 5309445/-രൂപ തനതു ഫണ്ടിൽ നിന്നമാണ് ചെലവഴിച്ചിട്ടുള്ളത്.

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.08.2023 ന് 04.10 Pm മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16375/- രൂപയുടെ ക്യാഷ് ബാലൻസ് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം പഞ്ചായത്ത് തലത്തിൽ നിലവിലുണ്ട്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം വളരെ മെച്ചപ്പെട്ടതാണെന്ന് കാണുന്നു. ഓഫീസ് കാര്യങ്ങൾ ചിട്ടയായി പോകുന്നതിനാൽ സെക്ഷനുകളിലെ പെന്റിംഗ് ഫയലുകൾ വളരെ കുറവാണ്.

ഓഫീസ് ഓർഡർ നമ്പർ എ2-7242/2021 തീയ്യതി 18-09-2021 പ്രകാരം ജീവനക്കാർക്ക് ഉത്തരവാദിത്വങ്ങൾ ഹെഡ് വൈസായി കൃത്യമായി വിഭജിച്ചുനൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയുരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. 2021-22 കോവിഡ് കാലയളവൊഴിച്ചാൽ 12 പ്രാവശ്യം സ്റ്റാഫ് മീറ്റിംഗ് വിളിച്ചു കൂട്ടിയിട്ടുണ്ട്. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിൽ മേലുദ്യോഗസ്ഥർ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. വിവരാവകാശ രജിസ്റ്ററിൽ ആവശ്യമായ വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. ഡേബുക്കിനോടൊപ്പം പ്രിന്റെടുത്ത് സൂക്ഷിക്കേണ്ട അതാത് ദിവസത്തെ കാൻസൽഡ് റസീറ്റുകൾ പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. വിവിധ ഡി.സി.ബി. രജിസ്റ്ററുകളിൽ അബ്സ്ട്രാക്റ്റ് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിൽ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിലെയും കൈമാറികിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പേരും വിലാസവും രേഖപ്പെടുത്തി സൂക്ഷിക്കേണ്ട ഇൻകുമ്പൻസി

മാസ്റ്റർ രജിസ്റ്റർ എഴുതി കൃത്യമാക്കി സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്. 2022-23 വർഷം വസ്തു നികുതി അസസ്മെന്റ് കാലികമാക്കുന്നതിന്റെ ഭാഗമായി 165/23 പ്രോജക്ട് പ്രകാരം കുടുംബശ്രീ ഓക്സിലിയറി ഗ്രൂപ്പുകളെ ചുമതലപ്പെടുത്തി മുഴുവൻ കെട്ടിടങ്ങളും അളന്ന് തിട്ടപ്പെടുത്തി വസ്തു നികുതി പുനർ നിർണ്ണയിച്ച് സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ഈടാക്കി വരുന്നുണ്ട്. എങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി , നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തതമൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാകാൻ ഇടയാകുന്നു.

ധനകാര്യ മാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ നിലവിൽ പഞ്ചായത്ത് വളരെയധികം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടുണ്ട്. പ്രൊക്യുർമെന്റ് കമ്മറ്റി മീറ്റിംഗ് രജിസ്റ്റർ പ്രകാരം തൻവർഷം 5 തവണ മീറ്റിംഗ് നടത്തി എല്ലാവാങ്ങലുകളും വിശദമായി ചർച്ച ചെയ്ത് ടെണ്ടർ നടത്തി സാധനങ്ങളുടെ ഗുണ നിലവാരം ഉറപ്പാക്കിയാണ് വാങ്ങിയിരിക്കുന്നത്. ഇപ്രകാരം ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കുന്നതിൽ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ പ്രശംസനീയമാണ്.

## 1-8 ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർ നടപടിയില്ല

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13,1996 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4)), 1996ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) , കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, (1997 കേരള പഞ്ചായത്ത് രാജ് - പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15, 21(1)(2) എന്നിവ അനുശാസിക്കും പ്രകാരം ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ച് പരാമർശം ഒഴിവാക്കുന്നതിന് വേണ്ടത്ര ശ്രദ്ധ സ്ഥാപനം പുലർത്തുന്നില്ല. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലെ ചില പരാമർശങ്ങളിൻമേൽ തുടർ വർഷങ്ങളിൽ അപാകത പരിഹരിച്ചിട്ടുണ്ടെന്ന മറുപടി പരിഗണിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കിയിട്ടുണ്ട്. ഇത്തരം മറുപടികളുടെ നിജസ്ഥിതി പരിശോധിച്ചപ്പോൾ അപാകതകൾ പരിഹരിക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നും തുടർ വർഷങ്ങളിലും അപാകത ആവർത്തിക്കപ്പെടുന്നുണ്ടെന്നും വ്യക്തമായിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. എന്നാൽ അപ്രകാരമുള്ള നടപടികൾ സമയ ബന്ധിതമായി ചെയ്യാത്തത് പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. 2018-19, 2019-20, 2020-21, 2021-22 വർഷങ്ങളിലെ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലെ തുടർനടപടികൾ പരിശോധിച്ചത് പ്രകാരമുള്ള അഭിപ്രായം താഴെ ചേർക്കുന്നു.

2018-19 വർഷത്തെ കെ.എസ്.എ. കെ.കെ.ഡി.പി/8/130/2020 തി.05/02/20 ഓഡിറ്റ് റിപ്പോർട്ട് ഗ്രാമപഞ്ചായത്തിൽ 28/02/2020 ന് കൈപ്പറ്റിയിട്ടുണ്ട്. ചട്ടപ്രകാരമുള്ള സമയപരിധി കഴിഞ്ഞ് 11/11/2020 നാണ് പ്രഥമ മറുപടി ലഭ്യമാക്കിയത്. A2/10590/2019 തി. 11/11/2020 പ്രകാരം നല്കിയ മറുപടി റിപ്പോർട്ടിന് കെ.എസ്.എ.കെ.കെ.ഡി പി08/1128/2020തി. 07/12/2020 അനന്തര പരാമർശ പ്രകാരം രണ്ട്, മൂന്ന് പാർട്ടുകളിലായി ആകെ 09 ഖണ്ഡികകൾ തീർപ്പാക്കാതെ അവശേഷിക്കുന്നു.

2019-20 വർഷത്തെ കെ.എസ്.എ. കെ.കെ.ഡി.പി/2/1042/2021 തി.10/09/21 ഓഡിറ്റ് റിപ്പോർട്ടിന് പ്രഥമ മറുപടി 11/01/2022 ലാണ് എ 2 8470/21 നമ്പരായി ലഭ്യമാക്കിയത്. കെ.എസ്.എ/കെ.കെ.ഡി പി2/96/22 തി. 13/01/23 അനന്തര പരാമർശ പ്രകാരം പാർട്ട് 2, 3 എന്നിവയിലായി ആകെ 25 ഖണ്ഡികകൾ അവശേഷിക്കുന്നു.

2020-2021 വർഷത്തെ കെ. എസ്.എ/കെ.കെ.ഡി പി2/1043/21 ഓഡിറ്റ് റിപ്പോർട്ട് 13/09/2021 ന് പുറപ്പെടുവിച്ചു. 27/01/22നാണ് സ്ഥാപനം മറുപടി സമർപ്പിച്ചത്.

2021-2022 വർഷത്തെ കെ. എസ്.എ/കെ.കെ.ഡി പി2/2290/22 ഓഡിറ്റ് റിപ്പോർട്ട് 12/01/2023 ന് പുറപ്പെടുവിച്ചു. 11/03/23നാണ് സ്ഥാപനം മറുപടി സമർപ്പിച്ചത്.

ഓഡിറ്റ് പരാമർശങ്ങളിൽ തുടർ നടപടികൾ ഇല്ലാത്തതും പരാമർശങ്ങളെ ഗൗരവമായി സമീപിക്കാത്തതും അപാകതകൾ പരിഹരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ശ്രമങ്ങളില്ലാത്തതും ഗുരുതരമായ ചട്ട ലംഘനമാണ്. ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും അപാകതകൾ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-9 അനധികൃത നിർമ്മാണം - തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമല്ല.

ഫയൽ നമ്പർ - 400968/BAUV01/GPO/2022/2594/(2) 27/08/2022

മേൽ ഫയൽ പ്രകാരം ശ്രീ എം.ഡി സെബാസ്റ്റ്യൻ, മുതിരക്കാലായിൽ, തലയാട് എന്ന വ്യക്തി അറപ്പീടിക, മരപ്പാലം എന്ന സ്ഥലത്തുള്ള ടിയാന്റെ പറമ്പിലേക്കുള്ള സ്വകാര്യ വഴിയോട് ചേർന്ന് ശ്രീ അമ്മദ്കോയ വെള്ളച്ചാലിൽ പൊയ്യിൽ എന്ന വ്യക്തി അനധികൃതമായി ഒരുകെട്ടിടം നിർമ്മിക്കുന്നുണ്ടെന്നും, കൂടാതെ ടിയാന്റെ ഉടമസ്ഥയിലുള്ള Yobbo എന്ന ഷോപ്പിനോട് ചേർന്ന് വഴിയിൽ നിന്ന് അകലം പാലിക്കാതെ സ്റ്റെയർകേസ് നിർമ്മിക്കുന്നുണ്ടെന്നും, ഡാറ്റാബേങ്കിൽപ്പെട്ട പ്രസ്തുത സ്ഥലത്ത് ഒരു കൊമേഴ്ഷ്യൽ കെട്ടിടനിർമ്മാണം അനധികൃതമായി നടക്കുന്നതായി 27/08/2022 ന് പരാതി നൽകിയതായി കാണുന്നു.

പ്രസ്തുത പരാതിയിൽ LID EW ഓവർസീയർ സ്ഥലപരിശോധന നടത്തി നൽകിയ സ്ഥലപരിശോധന റിപ്പോർട്ടിൽ മേൽ പരാതിയിൽ പറയും പ്രകാരം ശ്രീ എം.ഡി സെബാസ്റ്റ്യൻ, മുതിരക്കാലായിൽ, തലയാട് എന്ന വ്യക്തിയുടെ വഴിയോട് ചേർന്ന് അകലം പാലിക്കാതെ സെറ്റയർകേസ് നിർമ്മാണവും, ഡാറ്റാബേങ്കിൽപ്പെട്ട പ്രസ്തുത സ്ഥലത്ത് ഒരു കൊമേഴഷ്യൽ കെട്ടിടനിർമ്മാണവും അനധികൃതമായി നടക്കുന്നതായി കാണാൻ സാധിച്ചിട്ടുണ്ടുണ്ടെന്നും ആയതിന് തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

400968/BAUV01/GPO/2022/2594/(2)തിയ്യതി-21/09/2022 പ്രകാരം അനധികൃതനിർമ്മാണത്തിനെതിരെ ശ്രീ അമ്മദ്കോയ വെള്ളച്ചാലിൽ പൊയ്യിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 13/598,599,600,601 കെട്ടിടങ്ങളോട് ചേർന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നിയമാനുസൃത അനുമതിയില്ലാതെ നിർമ്മാണം നടത്തിയതിനെതിരേ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 235 W (1) (2) , പ്രകാരവും, 2019 ലെ ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം (89, 90) എന്നിവ പ്രകാരവും 7 ദിവസത്തിനകം മറുപടി ലഭ്യമാക്കുന്നതിനായി നോട്ടീസ് നൽകിയതായി കാണുന്നു. എന്നാൽ മറുപടി ലഭിച്ചതായോ, തുടർ നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല. അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട ഫയലിൽ തുടർനടപടികൾ സ്വീകരിക്കാത്തതിന് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/2022-23 തീയതി 01/08/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃത നിർമ്മാണം നടത്തിയതിനെതിരെ നടപടികൾ സ്വീകരിച്ച് തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-10 സഞ്ചയ സോഫ്റ്റ് വെയറിൽ ചില കെട്ടിടങ്ങൾക്ക് ഉപയോഗ ക്രമം രേഖപ്പെടുത്താതെ

നികുതി ഇളവ് നൽകി.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്.

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കുകയും കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസഗൃഹത്തിന് മാത്രമായി ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ പല കെട്ടിടങ്ങളും ഉപയോഗ ക്രമം രേഖപ്പെടുത്താതെ തന്നെ നികുതി ഇളവ് നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട.നം | ഉടമയുടെ പേര് | വിസ്തീർണ്ണം |
|---|---|---|---|
| 1 | 2/113 | കുട്ടിമാളുഅമ്മ, കരിമ്പിൻതരി കണ്ണാടിപൊയ്യിൽ | 27.72 ച.മീ |
| 2 | 2/160 | എം.പി യൂസഫ് സെക്രട്ടറി , കുറുമ്പൊയിൽ ഹയാത്തുൽ ഇല്ലാം സുന്നി മദ്രസ്സ കമ്മറ്റി | 93 ച.മീ |
| 3 | 2/206 | ശാന്ത പുന്നതറമലയിൽ | 23.32ച.മീ |
| 4 | 4/419 | ഷൈജു എം ജോർജ്ജ് ,മുണ്ടത്താനത്ത് തലയാട് | 30 ച.മീ |
| 5 | 4/825 | നൂറുദ്ദീൻ പാണോലത്ത് മാനിപുരം | 25 ച.മീ |
| 6 | 8/152 | ബാലൻ കൊല്ലരുകണ്ടി | 29ച.മീ |
| 7 | 8/364 A | സുബൈദ KRC തച്ചംപൊയ്യിൽ | 25ച.മീ |
| 8 | 8/470 | കട്ട്യാലി,കരിഞ്ഞേകൽ | 88ച.മീ |

സഞ്ചയ സോഫ്റ്റ്‌വെയറിൽ ഇപ്രകാരം നികുതി നിർണ്ണയം നടത്താത്ത എല്ലാ വാർഡുകളിലേയും കെട്ടിടങ്ങളെ കണ്ടെത്തി യഥാർത്ഥത്തിൽ നികുതി ഇളവ് നൽകേണ്ട കെട്ടിടങ്ങൾ തന്നെയാണോ എന്ന്

ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി നികുതി നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഉപയോഗക്രമം രേഖപ്പെടുത്താതെ നികുതി ഇളവ് നൽകിയതിന് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (2/2022-23 തീയതി 29/07/2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി ഒഴിവാക്കിയ കെട്ടിടങ്ങൾ നിയമാനുസൃതമായി നികുതി ഒഴിവാക്കപ്പെടേണ്ടവയാണോ എന്ന് പുന:പരിശോധിച്ച് യഥാർത്ഥത്തിൽ നികുതി ഒഴിവാക്കപ്പെടേണ്ട കെട്ടിടങ്ങൾ മാത്രമാണ് നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടത് എന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയും, സെക്രട്ടറിയും ഉറപ്പ് വരുത്തേണ്ടതാണ്. നികുതി നിർണ്ണയിക്കേണ്ട കെട്ടിടങ്ങൾ ഉണ്ടെങ്കിൽ ആയതിന് നികുതി നിർണ്ണയിച്ച് ഈടാക്കി തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-11 മൊബൈൽ ടവറിന്റെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത

2022-23 വർഷം വസ്തുനികുതി നിർണ്ണയം നടത്തിയ ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന റിലയൻസ് ജിയോ ഇൻഫ്രാടെൽ മൊബൈൽ ടവറിന്റെ നികുതി നിർണ്ണയിച്ചതിൽ അപാകതയുള്ളതായി കാണുന്നു. 3/1 B നമ്പരായി 2022-23 ഒന്നാം അർദ്ധവർഷം പ്രാബല്യത്തിൽ നികുതി നിർണ്ണയിച്ചപ്പോൾ ടവർ ബേസിന്റ മാത്രം വിസ്തീർണ്ണമായ 21.62 ചതുരശ്രമീറ്റർ Plinth Area കണക്കാക്കിയാണ് അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ചത് എന്ന് സഞ്ചയ ഫോറം-6 ൽ നിന്ന് വ്യക്തമാകുന്നു. മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയത്തിന് കണക്കിലെടുക്കുന്ന ഭാഗങ്ങൾ സംബന്ധിച്ച് തദ്ദേശ ഭരണ വകുപ്പിന്റെ 26/02/2022 ലെ ആർ.ഡി.3/94/2020 നം. സർക്കുലർ പ്രകാരം മൊബൈൽ ടവറുകളുടെ പ്രവർത്തനത്തിന് ജനറേറ്റർ, മറ്റ് ഉപകരണങ്ങൾ എന്നിവ അനിവാര്യമായതിനാൽ ടവറുകളുടെ നികുതി നിർണ്ണയിക്കുന്നതിന് ടവർ ബേസ് വിസ്തീർണ്ണം, ജനറേറ്റർ, മറ്റ് ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം എന്നിവ കണക്കിലെടുക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ നികുതി നിർണ്ണയിക്കാത്തതിനാൽ തനത് വരുമാനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട് വിശദാംശങ്ങൾക്ക് ഖണ്ഡിക 2-1 കാണുക.

## 1-12 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ - തനത് വരുമാനത്തിൽ നഷ്ടം

ഗ്രാമപഞ്ചായത്തിന്റെ 2022 - 23 വർഷത്തെ വരവിനങ്ങളുടെ ഓഡിറ്റിന്റെ ഭാഗമായി വസ്തുനികുതി നിർണ്ണയ ഫയൽ, സഞ്ചയ സോഫ്റ്റ് വെയറിലെ നികുതി നിർണ്ണയം എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ കെട്ടിടത്തിന്റെ വിവിധ ഉപയോഗക്രമമനുസരിച്ച് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ആയതിൽ 200$m^2$ മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 75/- രൂപയും, 100 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 50/- രൂപയുമാണ്. മേൽ ചട്ടത്തിലെ 3-ാംചട്ടത്തിലെ ഉപചട്ടം 2, 5 എന്നിവ പ്രകാരം ഒരു പ്ലോട്ടിലെ പരസ്പരം ബന്ധപ്പെടുത്തി നിർമ്മിച്ച കെട്ടിടം, ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്നിവയെ ഒറ്റ കെട്ടിടമായി കണ്ട് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി കെട്ടിടത്തെ പല മുറികളായി തിരിച്ച് അടിസ്ഥാനനിരക്ക് വസ്തുനികുതി നിർണ്ണയിച്ചു. വിശദാംശങ്ങൾക്ക് ഖണ്ഡിക 2-2 കാണുക

## 1-13 ടാക്സ് ഓഡിറ്റ് - പൊതു പരാമർശങ്ങൾ

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തുന്നതിനുള്ള സർക്കാർ നിർദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/ എസ്.എസ്. 3/2019 നമ്പർ കത്തിലെ മാർഗനിർദേശങ്ങളുടെ അടിസ്ഥാനത്തിൽ പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ തനത് വരുമാനത്തെ ബന്ധപ്പെടുത്തികൊണ്ടുള്ള ടാക്സ് ഓഡിറ്റ് നടത്തിയതിന്റ അടിസ്ഥാനത്തിൽ കണ്ടെത്തിയ വിഷയങ്ങൾ വിവിധ ഖണ്ഡികകളായി ചുവടെ കൊടുക്കുന്നു.

1-13 -1 തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉചിതമായ ഇടപെടലുകൾ നടന്നിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ,ഭരണസമിതിയും തനത് വരുമാനം പിരിച്ചെടുക്കുന്നതിനും, വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന കാര്യക്ഷമമായ ചർച്ചകളും തീരുമാനങ്ങളും കൈകൊണ്ടതായി മിനട്സുകളിൽ നിന്നും ,തുടർ പ്രവർത്തികളിൽ നിന്നും വ്യക്തമാവുന്നു. 06.01.2023 ലെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയിൽ അനധികൃത കെട്ടിടനിർമ്മാണം കണ്ടെത്തുന്നതിനായി കുടുംബശ്രീ പ്രവർത്തകരെ നിയോഗിച്ച് അളന്ന് തിട്ടപ്പെടുത്തി സർവ്വേ നടത്തി കണ്ടെത്തുന്നതിനും, കണ്ടെത്തിയ മുഴവൻ കെട്ടിടങ്ങൾക്കും 2023 മുതൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ഭരണസമിതിയിലേക്ക് ശുപാർശ ചെയ്യുന്നതിനും, നികുതി നിർണ്ണയ രജിസ്റ്റർ കാലികമാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. (ഫയൽ നമ്പർ - 1124/22 ) .

പ്രസ്തുത തീരുമാനത്തിന്റെ (സർക്കുലർ പ്രകാരവും) അടിസ്ഥാനത്തിൽ ഒരു കെട്ടിടം അളവെടുത്ത് നികുതി നിർണ്ണയ രജിസ്റ്റർ കാലികമാക്കുന്നതിന് 17രൂപ നിരക്കിൽ കുടുംബശ്രീ പ്രവർത്തകർക്ക് നൽകുന്നതിനായി സെക്രട്ടറി 165/22 പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ആകെ 9317 കെട്ടിടങ്ങൾ സർവ്വേ നടത്തുകയും ഈ ഇനത്തിൽ തനത് ഫണ്ടിൽ നിന്ന് 158389/- ( ബിൽ സാങ്ഷൻ നമ്പർ -499/16/03/2023 -99739/- +507/16/03/2023 -58650/- ) രൂപ ചെലവ് വരുകയും ചെയ്തിട്ടുണ്ട്. 9317 കെട്ടിടങ്ങൾ സർവ്വേ നടത്തിയതിൽ റെഗുലറൈസേഷൻ പ്ലാൻ നൽകിയ 78 കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ചതിന്റെ വിശദാംശം ചുവടെ നടത്തി ചേർക്കുന്നു.

| കെട്ടിടങ്ങളുടെ എണ്ണം | നികുതി പുനർ നിർണ്ണയിക്കുന്നതിന് മുൻപുള്ള വസ്തുനികുതി | ഗ്രന്ഥാ ശാലാവരി | നികുതി പുനർ നിർണ്ണയിച്ച ശേഷമുള്ള വസ്തുനികുതി | ഗ്രന്ഥാ ശാലാവരി | വ്യത്യാസം | |
|---|---|---|---|---|---|---|
| | | | | | PT | LC |
| 78 | 12197 | 639 | 133091 | 6690 | 120894 | 6051 |

മേൽ പദ്ധതി പ്രശംസ അർഹിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22/03/2023 ലെ 77/2023 നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശാനുസരണം ഫീൽഡ് തല പരിശോധന നടത്തി നികുതി നിർണ്ണയരജിസ്റ്റർ കാലികമാക്കുന്നതിനായി യോഗ്യരായ ഉദ്യോഗാർത്ഥികളെ തെരഞ്ഞടുത്തിട്ടുണ്ട്.

സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴവൻ കെട്ടിടങ്ങളും പുനഃപരിശോധിച്ച് നികുതി നിർണ്ണയം കാലികമാക്കേണ്ടതാണ്.

1-13 -2 ബജറ്റിൽ നിർദേശിച്ചിട്ടുള്ള തനത് വരുമാനവും വാർഷിക കണക്കിലെ തനത് വരുമാനവും വ്യത്യാസപ്പെട്ടിരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റും വാർഷികക്കണക്ക് പ്രകാരമുള്ള വരവും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | വാർഷിക | ബജറ്റും വരവും |
|---|---|---|---|

| | പ്രകാരം(₹) A | കണക്ക് പ്രകാരമുള്ള വരവ്(₹)B | തമ്മിലുള്ള വ്യത്യാസം(₹) B-A |
|---|---|---|---|
| വസ്തു നികുതി(തൻവർഷം) | 55,00,000 | 52,96,850 | 2,03,150 |
| തൊഴിൽ നികുതി(തൻവർഷം) | 34,00,000 | 31,47,660 | 2,52,340 |
| Rental Income | 37,845 | 34,344 | -3,501 |
| Fee & User Charges | 17,84,000 | 15,85,845 | -198155 |
| Sale & Hire Charges | 3,10,000 | 1,24,264 | -185736 |
| Interest Earned | 13,00,000 | 9,94,422 | -305578 |
| Other Income | 2,35,000 | 6,98,780 | 4,63,780 |
| ആകെ | 1,25,66,845 | 1,18,82,165 | -684680 |

ബജറ്റും വാർഷികക്കണക്കിലെ വരവുകളും തമ്മിലുള്ള അന്തരം പരിഹരിക്കുന്നതിനായി ഓരോ മാസത്തേയും, കണക്ക് പരിശോധിച്ച് നിലവിൽ തയ്യാറാക്കിയ ബജറ്റ് പരിഷ്കരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (*ഓഡിറ്റ് എൻക്വയറി നം. 01/2022-23 തീയതി 27/07/2023*) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ അപാകതകൾ ഒഴിവാക്കേണ്ടതാണ്.

1-13 -3 കുടിശ്ശിക

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പ്രകാരം, പിരിച്ചെടുക്കേണ്ട വരുമാനങ്ങൾ സംബന്ധിച്ച ചർച്ച കാര്യക്ഷമമായി നടത്തുന്നുണ്ടെന്ന് കാണുന്നു. ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി മാത്രമാണ് കുടിശ്ശികയായിട്ടുള്ളത്. പ്രസ്തുത കുടിശ്ശിക (കൂടുതൽ വിവരങ്ങൾക്ക് 2021 -22 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക - 1 – 9 കാണുക ) കിനാലൂർ കെ.എസ്.ഐ.ഡി.സിയിലെ കെട്ടിടങ്ങളുടെ നികതി കുടിശ്ശിക ഈടാക്കുന്നതിനായി പ്രൊസിക്യൂഷൻ നടപടികൾ സ്വീകരിച്ചതിനാൽ കുടിശ്ശിക ഈടാക്കുന്നതിനായി ക്യാമ്പുകളും പ്രചരണമാർഗ്ഗങ്ങളും സ്വീകരിക്കേണ്ടതായി വന്നിട്ടില്ലെന്നും, തൻവർഷത്തെ നികുതി പിരിക്കുന്നതിനായി ആവശ്യമായ പ്രചരണം നടത്തി ഓരോ വാർഡിലും 2 ൽ കൂടുതൽ ക്യാമ്പുകൾ നടത്തിയിട്ടുണ്ടെന്നും വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (*1/2022-23 തീയതി 27/07/2023*) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1-13 - 4 വസ്തുനികുതി - ഡിമാന്റ് എൻട്രി കൃത്യമായി രേഖപ്പെടുത്തുന്നില്ല.

നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022 - 23 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം

സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതിത്തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ പനങ്ങാട് ഗ്രാമപഞ്ചായത്തിൽ “110100101-Property Tax On Residential Buiding” എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022 - 23 സാമ്പത്തിക വർഷത്തെ ഡിമാന്റ് 2 തവണയായി മാത്രം (08/12/2022, 31/03/2023) രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഭാവിയിൽ 31/03/2023 വരെ അസ്സസ്സ് ചെയ്യപ്പെടുന്ന കെട്ടിടങ്ങളുടെ ഡിമാന്റ് തുക 01/04/22 ന് ചേർത്ത് 31/03/23 വരെയുള്ള ഡി.സി.ബി രജിസ്റ്ററുമായി പൊരുത്തപ്പെടുത്തിയിരിക്കുന്നു. ഇതിൽ നിന്നു തന്നെ സാംഖ്യ കണക്കുകളിലെ എൻട്രികളിലെ തുകകളിൽ പിന്നീട് എഡിറ്റിംഗ് വരുത്തി ഡി.സി.ബി-യുമായി പൊരുത്തപ്പെടുത്തുന്ന നിയമവിധേയമല്ലാത്ത രീതിയാണ് പഞ്ചായത്തിൽ സ്വീകരിച്ചതെന്ന് കാണാം. ഇത് ഒഴിവാക്കേണ്ടതാണ്.

## 1-13 -5 01/04/2023 പ്രാബല്യത്തിലുള്ള വസ്തുനികുതി പരിഷ്കരണം

05/04/2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് പ്രകാരം വസ്തുനികുതി നിരക്കുകൾ 01/04/2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് നിർദ്ദേശിച്ചു. 31/03/2023 വരെയുണ്ടായിരുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമങ്ങളെ വിവിധയിനങ്ങളിലായി വീണ്ടും വിഭജിച്ചാണ് ഉപയോഗക്രമ ഇനവും നികുതി സ്ലാബും നിശ്ചയിച്ചിട്ടുള്ളത്.

വസ്തുനികുതി പരിഷ്കരണത്തിനുള്ള സർക്കാർ നിർദ്ദേശത്തിനനുസരിച്ച് പനങ്ങാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി 05/07/2023 ലെ 5(1) നം. തീരുമാന പ്രകാരം നികുതി നിരക്ക് നിർണ്ണയിച്ച് അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരമുള്ള നികുതി നിരക്കുകൾ 12/07/2023 ലെ 400968/PTRV01/GPO/2023/4686 നം.പ്രകാരം അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട് . നികുതി പരിഷ്കരണ നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ നിലവിൽ 31/03/2023 വരെയുണ്ടായിരുന്ന കെട്ടിടങ്ങളുടെ നികുതി 5% വർദ്ധനവ് വരുത്തിയാണ് ഈടാക്കുന്നത്. 2023-24 വർഷത്തെ നികുതി പുതിയ നിരക്കിൽ നിർണ്ണയിച്ചിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ് വെയറിൽ പുതിയ സർക്കാർ നിർദ്ദേശമനുസരിച്ചുള്ള മാറ്റങ്ങൾ കാലികമാക്കായിട്ടില്ല.

നിലവിലെ നികുതി നിരക്കും പുതുക്കിയ നിരക്കും (കരട്) ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപയോഗക്രമം | നിലവിലെ നിരക്ക് | പുതുക്കിയത് |
|---|---|---|
| പാർപ്പിടാവശ്യം | 3/- | 6/- |
| സ്വകാര്യ ഹോസ്റ്റൽ | 50/- | 50/- |
| മൊബൈൽ ടവർ | 500/- | 600/- |

അന്തിമ വിജ്ഞാപനത്തിലെ നികുതി നിരക്കുകൾ നികുതി ഡേറ്റാബേസിൽ ഉൾപ്പെടുത്തി 2023-24 വർഷത്തെ ഡിമാന്റ് ജനറേറ്റ് ചെയ്യേണ്ടതാണ്. നികുതി നിരക്ക് പുതുക്കുമ്പോൾ പുതുതായി ഉൾപ്പെടുത്തിയ ഉപയോഗക്രമങ്ങൾക്ക് അനുസരിച്ച് കെട്ടിടങ്ങളെ വേർതിരിച്ച് ഡേറ്റാബേസിൽ ഉൾപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഉദാഹരണമായി പാർപ്പിടാവശ്യം, വ്യവസായ ആവശ്യം തുടങ്ങിയ കാറ്റഗറികളിൽ നിശ്ചയിച്ച പിരിവുകളായി വരുന്ന ഉപയോഗക്രമങ്ങൾ എല്ലാം ആയത്

ബാധകമായ കെട്ടിടങ്ങളെത്തന്നെ ലിസ്റ്റ് ചെയ്യേണ്ടതാണ്. വസ്തുനികുതി പരിഷ്കരണത്തിന്റെ നടപടികളെല്ലാം പൂർത്തിയാക്കിയ ശേഷം അന്തിമ വിജ്ഞാപനം, നികുതി ഡേറ്റാബേസിൽ നിരക്കുകൾ ചേർത്തതിന്റെ റിപ്പോർട്ട്, 2023-24 വർഷത്തെ പുതുക്കിയ ഡിമാന്റ് ജനറേറ്റ് ചെയ്തത് എന്നിവ ഉൾപ്പടെ മറുപടി നൽകേണ്ടതാണ്. നിലവിൽ പഴയ നിരക്കിൽ നികുതി ഒടുക്കിയവരുടെ നികുതി പരിഷ്കരിക്കുമ്പോഴുണ്ടാകുന്ന വ്യത്യാസം അടവാക്കാനുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 1-13-6 ഇ – പേയ് മെന്റ് മുഖേന അടവാക്കുന്ന തുക ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആവുന്നില്ല.

2022 - 23 വർഷത്തെ വാർഷിക കണക്ക് , അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ റിപ്പോർട്ടുകൾ, റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റ് 2022 - 23 രസീത് വരവ് എന്നിവ പരിശോധിച്ചതിൽ വസ്തുനികുതി, വിവാഹരജിസ്ട്രേഷൻ, ജനന - മരണ രജിസ്ട്രേഷൻ എന്നിവയുടെ ഫീസിനത്തിൽ പൊതുജനങ്ങൾ ഇ - പേയ് മെന്റ് മുഖേന അടവാക്കുന്ന തുക ഗ്രാമപഞ്ചായത്തിന്റെ ഇ – പേയ് മെന്റ് ബാങ്ക് അക്കൗണ്ടിൽ പൂർണ്ണമായും വരവ് വന്നിട്ടില്ലെന്ന് കാണുന്നു. 01/04/2022 മുതൽ 31.03.2023 വരെ പ്രസ്തുത ഇനങ്ങളിൽ 22079/- രൂപ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല എന്നാൽ മേൽ തുകകൾ ബേങ്ക് ബുക്കിൽ വരവ് വന്നിട്ടുമുണ്ട് . വിവാഹരജിസ്ട്രേഷൻ, ജനന മരണ രജിസ്ട്രേഷൻ, വസ്തുനികുതി എന്നീ ഇനത്തിൽ ഇ-പേയ്മെന്റ് മുഖേന അടവാക്കുന്ന തുകകൾ നിലവിൽ ഐ.കെ.എം ന്റെ ബാങ്ക് അക്കൗണ്ടിലാണ് ക്രഡിറ്റ് ആവുന്നത്. പ്രസ്തുത തുകകൾ ഐ.കെ.എം ട്രാൻസ്ഫർ ചെയ്യുമ്പോൾ നിശ്ചിത തുകയായി ക്രഡിറ്റ് ചെയ്യുമ്പോൾ മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ ബേങ്ക് അക്കൗണ്ടിൽ വരവായി വരുന്നത് . എന്നാൽ ഈ തുക ഏതൊക്കെ ഇനത്തിലുള്ള വരവാണെന്ന് തിരിച്ചറിയുന്നതിന് സാധിക്കുന്നില്ല, ഗ്രാമപഞ്ചായത്തിന് അതാത് ദിവസം തന്നെ അർഹമായ തുക ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആവുന്നതിന് അനന്തമായ കാലതാമസം വരുന്നത് ശരിയായ നടപടിക്രമമല്ല.

ഗ്രാമപഞ്ചായത്തിന് അതാത് ദിവസം തന്നെ അർഹമായ തുക ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആവുന്നതിനും, തുക ഐഡന്റിഫൈ ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 -7 വിനോദനികുതി

ഗ്രാമപഞ്ചായത്തിൽ വിനോദനികുതി ഇനത്തിൽ വരുമാനമില്ല. വയലട എന്ന വിനോദസഞ്ചാരകേന്ദ്രം ഗ്രാമപഞ്ചായത്തിൽ ആയതിനാൽ അമ്യൂസ്മെന്റ് പാർക്ക്, ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്ബ്/ സ്റ്റേഡിയം, നീന്തൽക്കുളങ്ങൾ, ചിത്രമംഗലം കന്നുകാലി ചന്ത എന്നിവയിലൂടെയും പ്രദർശന വിപണന മേളകൾ എന്നിവയിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യത ആലോചിക്കാവുന്നതാണ്. ടൂറിസത്തിന് പ്രാധാന്യമുള്ള പ്രദേശമായതിനാൽ പ്രസ്തുത ഇനങ്ങളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് സർക്കാരിലേക്ക് ശുപാർശ നൽകുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ വിതരണം ചെയ്ത കരാറുകാരനിൽ നിന്നും ആദായ നികുതിയും ജി.എസ് .ടി.യും ഈടാക്കിയില്ല.

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തി നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ വിതരണം ചെയ്ത കരാറുകാരിൽ നിന്നും ആദായ നികുതിയും ജി.എസ് .ടി.യും ഈടാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | പ്രവൃത്തികളുടെ പേര് | എം. ബുക്ക് നമ്പർ | കരാറുകാരൻ | സാധന സാമഗ്രികൾക്ക് അനുവദിച്ച തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | കുന്നമ്മൽപ്പൊയിൽ കായപ്പൊയിൽ റോഡ് | 92/21-22 | കുഞ്ഞാലി കോട്ടോല | 261353.00 |
| 2 | ചീനിയക്കൽ താഴെ വാഴോറമല നടപ്പാത | 210/21-22 | ശശീന്ദ്രൻ ടി.കെ | 306355.00 |
| 3. | ആട്ടംകുടി വീട് മുക്ക് ചേവൽക്കണ്ടി റോഡ് | 125/21-22 | കെ.എം. ഗോപാല കൃഷ്ണൻ | 377657.00 |
| 4. | മങ്കയം കൈതച്ചാൽ ഉരുൾപൊട്ടിയ ഭാഗം | 317/20-21 | മൊയ്തീൻകോയ | 269850.00 |
| 5. | പടിക്കൽവയൽ ഒരങ്കോകുന്ന് റോഡ് | 87/22-23 | പി.വി. അബ്ദുൽ മജീദ് | 271445.00 |
| 6. | പനങ്ങാട് ഡയനിംഗ് ഹാൾ നിർമ്മാണം | 85/22-23 | ഫിറോസ് കെ.ടി | 268653.00 |
| 7. | മൈത്തോട്ടംകാവുംപുറത്ത് നടപ്പാത | 339/21-22 | കെ. അബ്ദുൽ അസീസ് | 350675.00 |
| 08 | കാട്ടാംവെള്ളി കോട്ടക്കുന്ന് റോഡ് | 177/20-21 | ശശീന്ദ്രൻ ടി.കെ | 395921.00 |
| 09 | കാട്ടാംവള്ളി ചെമ്പ്ര റോഡ് | 175/20-21 | ശശീന്ദ്രൻ ടി.കെ | 405660.00 |
| 10 | പാച്ചാക്കിൽ താഴെകോട്ടക്കുന്ന് നടപ്പാത | 24/21-22 | ശശീന്ദ്രൻ ടി.കെ | 292371.00 |
| 11 | ഓടാട്ട് ചീങ്കണ്ണി റോഡ് | 193/21-22 | വിജേഷ് എം. | 221651.00 |
| 12 | ചേവൻക്കണ്ടി ആട്ടംകുടിമുക്ക് പ്രോജക്ട് | 305/20-21 | കെ.എം.ഗോപാലകൃഷ്ണൻ | 348805.00 |
| 13 | പനങ്ങാട് നോർത്ത് തെയ്യംതലക്കൽ കണ്ണച്ചൻ നടപ്പാത | 315/20-21 | കെ.എം.ഗോപാലകൃഷ്ണൻ | 351374.00 |
| 14 | കണ്ടാട്ടകണ്ടി ഏരത്തുകണ്ടി റോഡ് | 88/21-22 | മൊയ്തീൻകോയ പി.പി | 353442.00 |
| 15 | മഞ്ഞപ്പുഴ നവീകരണം | 212/21-22 | സണ്ണി ആക്കേൽ | 190374.00 |
| 16. | കിഴക്കേടത്ത് തേവറോത്ത് താഴെകുനി റോഡ് | 87/21-22 | ബിജു എം | 273252.00 |
| 17 | പൊട്ടൻകാവ് എസ്.ടി കോളനി നടപ്പാത | 137/21-22 | ഫിറോസ് കെ.ടി | 353446.00 |
| 18 | കുരിക്കടവ് അണക്കെട്ട് നിർമ്മാണം | 306/21-22 | ജോബിഷ് | 276451.00 |

മേൽ പറഞ്ഞ ആസ്തി നിർമ്മാണ പ്രവൃത്തികളിൽ ഒരു ലക്ഷത്തിനു മുകളിലുള്ള പ്രവൃത്തിയിൽ ആദായ നികുതിയും രണ്ടര ലക്ഷത്തിനു മുകളിലുള്ള പ്രവൃത്തിയിൽ ജി.എസ്.ടി.യും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 തുക കൈമാറി - കെ.എം.എസ്.സി എല്ലിൽ നിന്നും മരുന്ന് ലഭ്യമായില്ല.

താഴെ കൊടുത്തിരിക്കുന്ന പ്രൊജക്ട് മുഖേന മരുന്ന് ലഭ്യമാക്കുന്നതിനായി പ്രൊഫോർമ ഇൻവോയ്സ് പ്രകാരം കെ.എം.എസ്.സി എല്ലിന് തുക കൈമാറിയെങ്കിലും മുഴുവൻ മരുന്നുകളും നാളിതു വരെ ലഭ്യമായില്ല.

നിർവ്വഹണം – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പനങ്ങാട്

| പ്രൊജക്ട് നം/പേര് | കൈമാറിയ തുക | പ്രൊഫോർമ ഇൻവോയ്സ് നം.തീയ്യതി | ഓഡിറ്റ് തിയ്യതി വരെ ലഭ്യമായ മരുന്നിന്റെ വില | ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|
| 21/23 കിടപ്പിലായ രോഗികൾക്ക് ഗൃഹ കേന്ദ്രീകൃത ചികിത്സ | 150000 | PRF 3974/28-1-23 | 95912 | 54088 |

കിടപ്പിലായ രോഗികൾക്ക് അവശ്യം വേണ്ട മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. 54,088 രൂപയുടെ മരുന്നുകൾ കെ.എം.എസ്സ്.സി.എല്ലിൽ നിന്നും ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (4/31-7-23) മറുപടി നൽകിയിട്ടില്ല. കെ.എം.എസ്സ്.സി.എല്ലിൽ നിന്ന് മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് അറിയിക്കുന്നതുവരെ 54,088 രൂപയുടെ ചെലവു തുക തടസ്സത്തിൽ വയ്ക്കുന്നു.

1-16 R-track Survey- കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്ന പ്രവർത്തി പൂർത്തിയാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചീനീയർ

പദ്ധതി - 205/23

അടങ്കൽ -60000

ചെലവ് - 24000

ബിൽ നമ്പർ - 230/6.12.23

തദ്ദേശ സ്ഥാപനങ്ങളുടെ ആസ്തികൾ സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിനായി റോഡ് കണക്ടിവിറ്റി മാപ്പിങ്ങ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഡാറ്റാ കളക്ഷന് സഹായം നൽകുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. ശ്രീമതി. നഷ്വ നസ്റിൻ എന്ന കരാറുകാരി വഴിയാണ് പദ്ധതി നടപ്പിലാക്കിയത്. വാർഡ് ഒന്നിന് 3000 രൂപ കണക്കാക്കിയാണ് പദ്ധതി തയ്യാറാക്കിയത്. പഞ്ചായത്ത് ഡയറക്ടറുടെ 31.10.2022 ലെ PAN/3173/21-JI(DP) നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം R-track ഡാറ്റാ കളക്ഷൻ പ്രോസസ് പൂർത്തിയാക്കിയിട്ടില്ല. പദ്ധതി പ്രകാരം റോഡ് കണക്ടിവിറ്റി മാപ്പിന്റെ ഹാർഡ് കോപ്പി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി സെക്രട്ടറി മുമ്പാകെ ഹാജരാക്കണമായിരുന്നു. എന്നാൽ ഇവിടെ താഴെ കാണിച്ച പ്രകാരം റോഡുകളുടെ നീളം കണക്കാക്കി രേഖപ്പെടുത്തുന്ന പ്രവർത്തി മാത്രമാണ് നടത്തിയത്

| വാർഡ് | അളവെടുത്ത റോഡുകളുടെ എണ്ണം |
|---|---|
| 1 | 37 |
| 2 | 41 |
| 4 | 85 |
| 5 | 60 |

| | |
|---|---|
| 6 | 52 |
| 7 | 52 |
| 8 | 62 |
| 11 | 57 |
| 13 | 56 |
| 14 | 79 |
| 15 | 60 |
| 17 | 69 |
| 18 | 79 |
| 20 | 46 |

പദ്ധതിയുടെ ആദ്യഭാഗം പൂർത്തീകരിച്ചതിന് കരാറുകാരിക്ക് 24000 രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ തുടർ നടപടികൾ നാളിതുവരെയും ആരംഭിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. പദ്ധതി പൂർത്തിയാക്കി സാക്ഷ്യപ്പെടുത്തിയ കണക്കിവിറ്റി മാപ്പ് പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ 24000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-17 സോളാർ ഇൻവേർട്ടർ സ്ഥാപിക്കൽ - വിനിയോഗ വിവരം ലഭ്യമല്ല.

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | 89/23 തലയാട് ആയുർവേദ ആശുപത്രിയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ |
| വകയിരുത്തിയ തുക | 324178 (റോഡിതര സംരക്ഷണ ഗ്രാന്റ്) |
| ചെലവു തുക | 324178 |
| ബിൽ സാങ്ഷൻ നമ്പർ | 453/10-3-23 |

22-12-2022ലെ 1(4) പഞ്ചായത്ത് ഭരണ സമിതി തീരുമാന പ്രകാരം തലയാട് ആയുർവേദ ആശുപത്രിയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ എന്ന പദ്ധതിയിലുൾപ്പെടുത്തി സോളാർ ഇൻവേർട്ടർ സ്ഥാപിക്കൽ പ്രവൃത്തിക്കായി 324178 രൂപ കോഴിക്കോട് പി.ഡബ്ള്യു.ഡി ഇലക്ട്രിക്കൽ വിങിൽ ആയുർവേദ മെഡിക്കൽ ഓഫീസർ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

1. സ.ഉ.കൈ.നം. 84/2022 എൽ.എസ്.ജി.ഡി തീ. 19-4-22 ഖ.12.2(ഡി) പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ മുൻകൂർ തുക

നൽകാവൂ. എന്നാൽ ഈ പ്രവൃത്തിക്ക് തുക ഡെപ്പോസിറ്റ് ചെയ്തപ്പോൾ മെഡിക്കൽ ഓഫീസർ പൊതുമരാമത്ത് വകുപ്പുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

2. പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ച് ഫൈനൽ ബിൽ,വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പ്രവൃത്തി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ച് തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതുമാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/31-7-23) 1-8-23ന് മെഡിക്കൽ ഓഫീസർ നൽകിയ മറുപടിയിൽ താഴെ കൊടുത്ത കാര്യങ്ങൾ വിശദീകരിച്ചിട്ടുണ്ട്.

1. പൊതുമരാമത്ത് വകുപ്പിന്റെ ഇലക്ട്രിക്കൽ വിഭാഗവുമായി ബന്ധപ്പെട്ടെങ്കിലും സമയ പരിമിതി മൂലം കരാറിൽ ഏർപ്പെടാൻ സാധിച്ചിട്ടില്ല.

2. 24-7-23ലെ EST- 23312/2023 കത്ത് പ്രകാരം പൊതുമരാമത്ത് വിഭാഗം ദർഘാസ് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാമെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 3,24,178 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-18 വിവിധ ഏജൻസികൾക്ക് തുക കൈമാറി -വിനിയോഗ വിവരം ലഭ്യമല്ല.

2022-23 വർഷം സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ വഴി വ്യത്യസ്ത ഏജൻസികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. അതിൽ വിനിയോഗ സാക്ഷ്യ പത്രം ലഭിക്കാത്തവയുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ നമ്പർ/പേര് | ചെലവ് തുക/ഫണ്ടിനം | ബിൽ സാങ്ഷൻ നമ്പർ/ തിയതി | റിമാർക്സ് |
|---|---|---|---|---|
| 1 | 151/23 കോക്ളിയർ ഇംപ്ളാന്റേഷന് തുക കൈമാറൽ | 50000(വികസന ഫണ്ട്) | 204/22-11-22 | കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് തുക നൽകി. തുകയുടെ കൈപ്പറ്റ് ,വിനിയോഗം എന്നിവ ലഭ്യമല്ല. |
| 2 | 78/23 സ്നേഹ സ്പർശം കിഡ്നി പേഷ്യന്റ്സ് വെൽഫയർ സൊസൈറ്റിക്ക് പണം നൽകൽ | 400000 (വികസന ഫണ്ട്) | 76/26-8-22 | കോഴിക്കോട് ജില്ലാ പഞ്ചായത്തിന് തുക നൽകി. തുകയുടെ കൈപ്പറ്റ്, വിനിയോഗവിവരം എന്നിവ ലഭ്യമല്ല. |

| | | | | |
|---|---|---|---|---|
| | | 4,50,000 | | |

മേൽ പ്രോജക്ടുകളിലെ തുകകൾ വിനിയോഗിച്ചതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് നൽകിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ 4,50,000 രൂപ തടസ്സത്തിൽ വയ്ക്കുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-19 കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിക്കൽ പദ്ധതി -റെയ്ഡ്ക്കോയ്ക്ക് അധിക തുക അനുവദിക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥൻ ആയി നടപ്പിലാക്കിയിട്ടുള്ള കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിക്കുന്നതിന്, ഗ്രാമ പഞ്ചായത്ത് തീരുമാന പ്രകാരം ടെണ്ടർ നടപടികൾ കൂടാതെ റെയ്ഡ്കോ എന്ന അംഗീകൃത സ്ഥാപനത്തിൽ നിന്ന് നേരിട്ട് മോട്ടോർ പമ്പ്സെറ്റുകൾ വാങ്ങി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് . പദ്ധതി നടത്തിപ്പിലെ അപാകതകൾ

1) പദ്ധതിയിൽ വകയിരുത്തുന്നതിലും കൂടുതൽ തുക മോട്ടോർ സ്ഥാപിക്കുന്നതിന് ചെലവഴിക്കുന്നു.

താഴെ പറയുന്ന പദ്ധതികൾ പ്രകാരം എസ്റ്റിമേറ്റിൽ മോട്ടോർ സ്ഥാപിക്കുന്നതിന് വകയിരുത്തിയ തുകയിലും വളരെയധികം തുക ബിൽ പ്രകാരം മോട്ടോർ സ്ഥാപിച്ചതിന് റെയ്ഡ്ക്കോയ്ക്ക് അനുവദിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ

| പ്രൊജക്ട് | എസ്റ്റിമേറ്റ് പ്രകാരം മോട്ടോർ സ്ഥാപിക്കുന്നതിന് വകയിരുത്തിയ തുക | മോട്ടോർ സ്ഥാപിക്കുന്നതിന് ചെലവഴിച്ച തുക | ഇൻവോയ്സ് നമ്പർ |
|---|---|---|---|
| 85/23 (സ്പിൽ ഓവർ) ഒരങ്കോക്കുന്ന് കുടിവെള്ളപദ്ധതി | 77000 | 276654 | 20HP പമ്പ് സെന്റ് KKD/794 /22-23 /15.03.23 |
| 81/23 (സ്പിൽ ഓവർ) കറോറ കുടിവെള്ള പദ്ധതി | 80000 | 278946 | 15 HP പമ്പ് സെന്റ് KKD/895 /22-23 /28.03.23 |

പദ്ധതികളിൽ ഓരോപദ്ധതിയ്ക്കും ഉള്ള ആവശ്യകത പരിഗണിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാതെ റെയ്ഡ്ക്കോ സമർപ്പിക്കുന്ന ബിൽ പ്രകാരമുള്ള തുക അനുവദിക്കുകയാണ് ചെയ്യുന്നത്. ചെലവ് വർദ്ധിച്ചതു പ്രകാരമുള്ള നിരക്കിനനുസരിച്ച് പ്രവൃത്തിയുടെ എസ്റ്റിമേറ്റുകൾ റിവൈസ് ചെയ്തിട്ടില്ല.

1)ഉയർന്ന നിരക്കിൽ ഇൻസ്റ്റലേഷൻ ചാർജ് അനുവദിക്കുന്നു.

വിവിധ പദ്ധതികളിൽ മോട്ടോർ സ്ഥാപിക്കുന്നതിന് ഉയർന്ന നിരക്കിലുള്ള ഇൻസ്റ്റല്ലേഷൻ ചാർജ് അനുവദിക്കുന്നു. റെയ്ഡ്ക്കോ സമർപ്പിക്കുന്ന ബില്ലുകൾ യാതൊരു പരിശോധനയും കൂടാതെ ബിൽ

പ്രകാരമുള്ള മുഴുവൻ തുകയും അനുവദിക്കുന്നു. സ്റ്റാന്റിങ് കമ്മറ്റിയോ നിർവ്വഹണ ഉദ്യോഗസ്ഥനോ റെയ്ഡ്കോ സമർപ്പിച്ച ബില്ലിലെ തുകയുടെ ആധികാരികത ഉറപ്പു വരുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് | ചെലവ് തുക | മോട്ടോർ സ്ഥാപിക്കുന്നതിന് ചെലവഴിച്ച ഇൻസ്റ്റലേഷൻ ചാർജ് | റിമാർക്സ് |
|---|---|---|---|
| 85/23 (സ്പിൽ ഓവർ) ഒരങ്കോക്കുന്ന് കുടിവെള്ള പദ്ധതി | 1131631 ബിൽ നമ്പർ -114/29.9.22 37/27.2.23 639/28.3.23 | 47790 | 20HP പമ്പ് സെറ്റ് വില 120065 |
| 81/23 (സ്പിൽ ഓവർ) കറോറ കുടിവെള്ള പദ്ധതി | 750967 655/29.3.23 | 48970 | 15 HP മോട്ടോർ വില 112985 |
| 83/23 (സ്പിൽ ഓവർ) വട്ടോളി ബസാർ കമ്മ്യൂണിറ്റി ഹാൾ മോട്ടോർ സ്ഥാപിക്കൽ | 95047 110/22.9.22 | 24000 | 1.5 HP മോട്ടോർ വില 22000 |
| 79/23 (സ്പിൽ ഓവർ) നെട്ടാംപറചാലിൽ കുടിവെള്ള പദ്ധതി | 125014 26/26.9.22 | 24000 | 1.5 HP മോട്ടോർ വില 24640 |
| 193/23 വയലട കണ്ണിവയൽ കുടിവെള്ള പദ്ധതി | 255016 325/16.1.23 | 63500 | 7 HP മോട്ടോർ വില 60816 |
| | ആകെ | 208260 | |

പമ്പ്സെറ്റ് പാനൽബോർഡ്, മറ്റ് മെറ്റീരിയൽ എന്നിവ ഫിറ്റ് ചെയ്ത് പ്രവർത്തിപ്പിക്കുന്നതിനു മാത്രമാണ് മേൽ കാണിച്ച പ്രകാരം ഉയർന്ന നിരക്കിൽ ഇൻസ്റ്റലേഷൻ ചാർജ് അനുവദിച്ചിട്ടുള്ളത്. ചില പദ്ധതികളിൽ മോട്ടോർ വിലയേക്കാൾ കൂടിയ തുക ഇതിനായി അനുവദിച്ചിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ പരാമർശിച്ച പദ്ധതികളിൽ മോണിറ്ററിങ്ങ് കമ്മറ്റി വിദഗ്ദ സമിതി എന്നിവർ പരിശോധന നടത്തി അധികം നൽകിയ ഇൻസ്റ്റലേഷൻ ചാർജ് ഈടാക്കി വിവരം അറിയിക്കുന്നത് വരെ ഇൻസ്റ്റലേഷൻ ചാർജ് ഇനത്തിൽ അനുവദിച്ച 2,08,260 രൂപ തടസ്സത്തിൽ വയ്ക്കുന്നു

## 1-20 ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം പ്രവർത്തനം അപാകതകൾ

സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ.(കൈ) 45/ 2020/ ത.സ.ഭ.വ, തീയതി, 06/03/2020 എന്നിവ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ ഗ്രാമപഞ്ചായത്ത് സ്ഥാപിക്കേണ്ടതുണ്ട്. റോഡ് മാർഗ്ഗം യാത്ര ചെയ്യുന്നവർക്കായി തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ സൗകര്യങ്ങളോടു കൂടിയ പൊതു ശുചി മുറികളും ലൈറ്റ് റിഫ്രഷ്മെന്റ് സൗകര്യങ്ങളും ഒരുക്കി പാതയോര വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഗ്രാമ പഞ്ചായത്ത് 2 സ്ഥലങ്ങളിലായി ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട് വിശദാംശങ്ങൾചുവടെ കൊടുക്കുന്നു.

| പദ്ധതി | ചെലവ് തുക | റിമാർക്സ് |
|---|---|---|
| 112/21 പൊതു ശൌചാലയ നിർമ്മാണം | 469295 (ബിൽ- 403/30.3.21) | 20-21 കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് 7.9.2021 ന് ഉദ്ഘാടനം കഴിഞ്ഞിട്ടിണ്ട്. 01.08.2023 ന് സ്ഥലം സന്ദർശിച്ചു. നിലവിൽ കെട്ടിടം ഉപയോഗിക്കുന്നില്ല. കെട്ടിടത്തിലേക്കുള്ള വഴി കാട് പിടിച്ച അവസ്ഥയിലാണ് . തലയാട് ബസ്റ്റാന്റിനോട് ചേർന്ന സ്ഥലമായതിനാൽ വളരെ ഉപകാരപ്രദമായ സ്ഥലത്താണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. ജല ലഭ്യത, വൈദ്യുതി എന്നിവ ഉറപ്പാക്കിയിട്ടില്ല. ഫീഡിങ്ങ് റൂം ഡിസേബിൾഡ് ടോയ്ലെറ്റ് എന്നിവ നിർമ്മിച്ചിട്ടുണ്ട് . ഡിസേബിൾഡ് ടോയ്ലെറ്റിൽ ആവശ്യത്തിന് സൌകര്യങ്ങൾ ഒരുക്കിയിട്ടില്ല. |

| | | |
|---|---|---|
| | |  |
| 43/20 വനിതകൾക്ക് പബ്ലിക്ക് ടോയ് ലെറ്റ് | 480856 (ബിൽ-265/30.1.21) | 20-21 കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് 26.2.2021 ന് ഉദ്ഘാടനം കഴിഞ്ഞിട്ടിണ്ട്. 01.08.2023 ന് സ്ഥലം സന്ദർശിച്ചു. വട്ടോളി ബസാറിൽ സംസ്ഥാന പാതയുടെ സമീപത്ത് ഗ്രാമപഞ്ചായത്തിന്റെ കൃഷി ഭവൻ മൃഗാശുപത്രി എന്നിവ സ്ഥിതിചെയ്യുന്ന കോമ്പൌണ്ടിനുള്ളിൽ ആണ് നിർമ്മിച്ചിട്ടുള്ളത്. നിലവിൽ കൃഷി ഭവൻ മൃഗാശുപത്രി എന്നിവയിലെത്തിച്ചേരുന്ന ഗുണഭോക്താക്കൾ ആണ് കെട്ടിടം ഉപയോഗിക്കുന്നത് . പ്രധാന പാതയിൽ വഴിയാത്രക്കാർക്ക് വ്യക്തമായി കാണുന്ന രീതിയിൽ വഴിയോര വിശ്രമ കേന്ദ്രത്തിന് ബോർഡ് സ്ഥാപിച്ചിട്ടില്ല. ഫീഡിങ്ങ് റൂം ഡിസേബിൾഡ് ടോയ്ലെറ്റ് എന്നിവ നിർമ്മിച്ചിട്ടില്ല .<br> |

വട്ടോളി ബസാർ ,തലയാട് എന്നീ ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളിൽ സാനിട്ടറി വെന്റിങ്ങ്

മെഷീനും നാപ്കിൻ ഇൻസിനറേറ്ററും സ്ഥാപിക്കുന്നതിന് വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 107470രൂപ ശുചിത്വ ഫണ്ട് വകയിരുത്തി പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിലും (190/23) ഈ കേന്ദ്രങ്ങൾ ശരിയായി പ്രവർത്തിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല. രണ്ട് കേന്ദ്രങ്ങളിലും കഫറ്റേരിയ പ്രവർത്തിപ്പിക്കാൻ കെട്ടിടത്തിൽ സൗകര്യം ഒരുക്കിയിട്ടില്ല. പ്രവർത്തനം നടത്തുന്നതിനായി ടേക്ക് എ ബ്രേക്ക് കെട്ടിടങ്ങൾ കുടുംബശ്രീ സംവിധാനത്തെ ഏല്പിച്ചിട്ടില്ല. മാർഗ്ഗരേഖ പ്രകാരം തദ്ദേശ ഭരണ സ്ഥാപന പരിധിയിലുള്ള കുടുംബശ്രീ മിഷൻ യൂണിറ്റുകൾക്കാണ് നടത്തിപ്പ് പരിപാലന ചുമതല നൽകേണ്ടത്. കെട്ടിട നിർമ്മാണത്തനായി പദ്ധതി തയ്യാറാക്കുമ്പോൾ ശുചിമുറി ദിവസവും ഉപയോഗിക്കാൻ സാധ്യതയുള്ള ആളുകളുടെ എണ്ണം പരിഗണിക്കേണ്ടതുണ്ട്. അത്തരമൊരു പരിശോധന നടന്നതായി കാണുന്നില്ല. 27.7.2020 ലെ സ.ഉ(സാധാ)1401/2020/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രം പ്രവർത്തിപ്പിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-21 പാട്ടത്തിനെടുത്ത വ്യവസായ എസ്റ്റേറ്റ് സ്ഥലത്ത് നിർമ്മിച്ച വനിതാ വ്യവസായ കേന്ദ്രത്തിൽ വ്യവസായങ്ങൾ ആരംഭിക്കാത്തത് ഗ്രാമ പഞ്ചായത്തിന് വൻബാധ്യതയാകുന്നു,പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

പനങ്ങാട് ഗ്രാമ പഞ്ചായത്ത് കിനാലൂർ എസ്റ്റേറ്റിൽ KSIDC (Kerala State Industial Development Corporation Ltd)യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് വനിതാ തൊഴിൽ സംരംഭകർക്ക് തൊഴിൽ ചെയ്യുന്നതിനാവശ്യമായ വനിതാ വ്യവസായ കേന്ദ്രം ആരംഭിക്കുന്നതിന് 1 ഏക്കർ (100 സെന്റ്) ഭൂമി പാട്ടത്തിനെടുത്തിട്ടുണ്ട്. 10.7.2013ന് KSIDC യുമായി ഉണ്ടാക്കിയിട്ടുള്ള പാട്ടക്കരാർ വ്യവസ്ഥ പ്രകാരം 90വർഷത്തേയ്ക്കാണ് ഭൂമി പാട്ടത്തിന് ലഭിച്ചിട്ടുള്ളത്. 1900000 രൂപയും സർവ്വീസ് ടാക്സും ഉൾപ്പെടെ 2095700 രൂപയാണ് ലീസ് പ്രീമിയമായി ഗ്രാമ പഞ്ചായത്ത് നൽകിയിട്ടുള്ളത്. കൂടാതെ ഇ.എം.ഡി ആയി 190000 രൂപ KSIDC യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ KSIDC യുമായി ഉണ്ടാക്കിയ പാട്ടക്കരാർ പ്രകാരം പ്രവർത്തിക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് വീഴ്ചകൾ വരുത്തിയിട്ടുണ്ട്. KSIDC യുമായി ഉണ്ടാക്കിയ കരാർ പ്രകാരം 6 മാസം കൊണ്ട് കെട്ടിട നിർമ്മാണം ആരംഭിച്ച് 18 മാസം കൊണ്ട് പൂർത്തിയാക്കുകയും 24 മാസം കൊണ്ട് മെഷീനറികളും പ്ലാന്റുകളും സ്ഥാപിച്ച് വ്യവസായ ഉൽപ്പാദനം ആരംഭിക്കേണ്ടതുമാണ്. എന്നാൽ ഈ കരാർ പാലിക്കുന്നതിന് ഗ്രാമ പഞ്ചായത്തിനായിട്ടില്ല. അപാകതകൾ ചുവടെ ചേർക്കുന്നു.

1. കെട്ടിട നിർമ്മാണ പ്രവർത്തി പൂർത്തിയായിട്ടും കെട്ടിടത്തിൽ വ്യവസായം ആരംഭിച്ചിട്ടില്ല.

ലീസിനെടുത്ത സ്ഥലത്ത് പണി പൂർത്തീകരിച്ച വനിതാ വ്യവസായ കേന്ദ്രം കെട്ടിടങ്ങളിൽ വനിതാ തൊഴിൽ സംരംഭങ്ങൾ നാളിതു വരെ ആരംഭിച്ചിട്ടില്ല. പദ്ധതി വിഭാവനം ചെയ്ത രീതിയിൽ വനിതാ വ്യവസായ കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടില്ല. വനിതകൾക്ക് ചെരിപ്പിന്റെ അപ്പർ സ്റ്റിച്ചിങ്ങ് യൂണിറ്റ് സ്ഥാപിക്കുക എന്നതായിരുന്നു പദ്ധതി പ്രകാരം ലക്ഷ്യമിട്ടിരുന്നത്. സമീപ പ്രദേശമായ കിനാലൂർ എസ്റ്റേറ്റിൽ ലീസിനെടുത്ത സ്ഥലത്ത് വി.കെ.സി ഉൾപ്പെടെ വിവിധ ചെരുപ്പ് നിർമ്മാണ വ്യവസായങ്ങൾ ഉള്ളതിനാൽ കിനാലൂർ വ്യവസായ പാർക്കിൽ വിപണന സൗകര്യത്തിനുള്ള എല്ലാ സാധ്യതകളുമുണ്ടായിരുന്നു. എന്നിട്ടും നാളിതു വരെ വ്യവസായമൊന്നും ആരംഭിക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾ അടച്ചിട്ടിരിക്കുന്നത് വലിയ അനാസ്ഥയാണ്.

2.വനിതാ വ്യവസായ കേന്ദ്രത്തിന് കെട്ടിടം നിർമ്മിച്ചത്- വ്യക്തമായ രേഖയില്ല

കെട്ടിട നിർമ്മാണത്തിനായി പദ്ധതി നമ്പർ 20/11-12 പ്രകാരം 40,00,000 രൂപ വകയിരുത്തി ഇരു നില കെട്ടിട നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. 15,00,000 രൂപ വികസന ഫണ്ടും 25,00,000 രൂപ ജില്ലാ പഞ്ചായത്ത് ഫണ്ടും വകയിരുത്തിയാണ് കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത്. വനിതാ വ്യവസായ

കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണം എന്ന് പൂർത്തിയായി എന്ന് വ്യക്തമല്ല. പ്രവർത്തിയുടെ എം. ബുക്ക്, ഫയൽ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതിന് പുറമെ 2016-17 വർഷത്തിൽ 17,00,000 രൂപ വകയിരുത്തി 13,88,944 രൂപ കൂടി ചെലവഴിച്ച് മറ്റൊരു കെട്ടിടം കൂടി നിർമ്മാണം പൂർത്തികരിച്ചിട്ടുണ്ട്. (75/16,5/17,197/18,154/19 എന്നീ പദ്ധതികൾ വഴിയാണ് കെട്ടിട നിർമ്മാണം പീർത്തീകരിച്ചത്) 39/17-18/24.3.17 നമ്പർ കരാർ പ്രകാരം ആരംഭിച്ച പ്രവൃത്തി 2018-19 ൽ ആണ് പൂർത്തീകരിച്ചിട്ടുള്ളത്. സാമ്പത്തിക ബുദ്ധിമുട്ട് കാരണമാണ് പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസമുണ്ടായതെന്ന് ഗ്രാമ പഞ്ചായത്ത് വ്യക്തമാക്കുന്നുണ്ട്. എന്നാൽ 01.08.2023 ന് വ്യവസായ കേന്ദ്രം സന്ദർശനം നടത്തിയപ്പോൾ പാട്ടത്തിനെടുത്ത 100 സെന്റ് സ്ഥലത്ത് എം.എൽ.എ ഫണ്ട് 78 ലക്ഷം അടങ്കലിൽ നിർമ്മിച്ച വ്യവസായ കേന്ദ്ര കെട്ടിടവും അതിനോട് ചേർന്ന് മൂന്ന് ചെറിയ കെട്ടിടങ്ങളും ഉണ്ടെന്ന് കണ്ടു. ഇതിൽ ഒരു ചെറിയ കെട്ടിടം ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ചതാണെന്ന് വിശദീകരിച്ചിട്ടുണ്ട്. ഒരു ചെറിയ കെട്ടിടം ഗ്രാമ പഞ്ചായത്തിന്റെ എം.സി.എഫ് ആയി ഉപയോഗിച്ച് വരുന്നുണ്ട് ബാക്കിയുള്ള കെട്ടിടങ്ങളെല്ലാം ഉപയോഗിക്കാതെ കാടുപിടിച്ച് നശിക്കുന്ന അവസ്ഥയിലാണ് ഉള്ളത്.

3.ഗ്രാമ പഞ്ചായത്തിന് വാടകയിനത്തിലും നഷ്ടം വരുന്നു

പാട്ടത്തിനെടുത്ത ഭൂമിയിൽ കെട്ടിടം നിർമ്മിച്ച് വ്യവസായം ആരംഭിക്കുന്നതിനായി കെട്ടിടം വനിതാ സംരംഭകർക്ക് വാടകയ്ക്ക് കൈമാറുന്നതോടെ വാടകയിനത്തിൽ ലഭിക്കേണ്ടിയിരുന്ന വരുമാനം നഷ്ടമാകുന്നു. കെട്ടിടം വാടകയ്ക്ക് നൽകുമ്പോൾ കക്ഷികൾ പാലിക്കേണ്ട നിബന്ധനകൾ ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്ത് ബൈലോ തയ്യാറാക്കുകയും ആയതിന് പഞ്ചായത്ത് ഡയറക്ടർ 5.4.22 ലെ PAN/521 /22-C5(DP) നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ ബൈലോപ്രകാരം നടപടികൾ ആരംഭിച്ച് വരുമാനം ആർജിക്കുന്നതിന് ഗ്രാമ പഞ്ചായത്തിന് സാധിക്കുന്നില്ല.

4.KSIDC യുടെ സൌകര്യങ്ങൾ ഉപയോഗിക്കാതെ തന്നെ യൂസർ ചാർജ് നൽകേണ്ടി വരുന്നു.

കരാർ പ്രകാരം കെട്ടിട നിർമ്മാണം തുടങ്ങുമ്പോൾ തന്നെ Cost Of Maintanance ആയി KSIDC ഡിമാന്റ് ചെയ്യുന്ന തുക ഗ്രാമ പഞ്ചായത്ത് നൽകേണ്ടതുണ്ട്. കെട്ടിട നിർമ്മാണം പൂർത്തിയാക്കി കെട്ടിടം വാടകയ്ക്ക് നൽകുന്ന മുറയ്ക്ക് ഈ തുക വാടകക്കാർ നൽകുമായിരുന്നു. കെട്ടിടത്തിൽ വ്യവസായങ്ങളൊന്നും ആരംഭിക്കാത്തതിനാൽ ഈ തുക അടയ്ക്കുന്നത് ഗ്രാമ പഞ്ചായത്തിന് ബാധ്യതയാകുന്നുണ്ട്. താഴെ കാണിച്ച പ്രകാരം യൂസർ ചാർജ് ഗ്രാമ പഞ്ചായത്ത് അടച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമാണ്

| തിയ്യതി | തുക |
|---|---|
| 20.4.2019 | 65419 |
| 31.3.2020 | 86888 |
| 1.7.2020 | 91561 |
| 2.3.2022 | 944 |
| 22.3.2022 | 37080 |
| 30.3.2022 | 37083 |

5.പൊതു ആവശ്യങ്ങൾക്കുള്ള ചാർജ്ജ് KSIDC എന്തടിസ്ഥാനത്തിലാണ് നിശ്ചയിക്കുന്നത് എന്നതിന് വ്യക്തതയില്ല.

KSIDC യ്ക്ക് യൂസർ ചാർജ് ഏത് നിരക്കിലാണ് നൽകേണ്ടത് എന്ന കാര്യങ്ങളൊന്നും കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല. കെട്ടിടനിർമ്മാണം പൂർണ്ണ തോതിൽ വിഭാവനം ചെയ്ത രീതിയിൽ പ്രവർത്തനസജ്ജമാവുന്നത് വരെ പൊതു സൗകര്യങ്ങൾക്കുള്ള യൂസർ ചാർജ് ഒഴിവാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് KSIDC യോട് അപേക്ഷിക്കുന്നുണ്ടെങ്കിലും ഇളവ് അനുവദിച്ചിട്ടില്ല.നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങളിൽ വ്യവസായ സംരംഭങ്ങൾ ആരംഭിച്ച് സംരംഭകരുമായി പാട്ടക്കരാർ

ഉണ്ടാക്കി യൂസർ ചാർജ് നൽകുന്ന ബാധ്യത പ്രസ്തുത കക്ഷികൾക്ക് ഏൽപ്പിക്കുന്നതിന് നടപടികൾ ആരംഭിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

6.കരാറിലെ വ്യവസ്ഥകൾ പൂർത്തിയാക്കാത്തതിനാൽ ഇ.എം.ഡി തുക തിരികെ ലഭിച്ചില്ല.

വാർഷിക കണക്ക് B 18 സ്റ്റേറ്റ്മെന്റ് പ്രകാരം 1,90,000 രൂപ ഗ്രാമപഞ്ചായത്ത് പൊതുമരാമത്ത് വകുപ്പിൽ അഡ്വാൻസ് നൽകിയതായി കാണിച്ചിട്ടുണ്ട് . അഡ്വാൻസ് ടു ഇംപ്ലിമെന്റിങ്ങ് ഏജൻസീസ് എന്ന ഹെഡിൽ കാണിച്ചിട്ടുള്ള ഈ തുക ഗ്രാമപഞ്ചായത്ത് KSIDCയ്ക്ക് കിനാലൂർ വനിതാ മിനി ഇൻഡസ്ട്രിയൽകെട്ടിടം നിർമ്മിക്കുന്നതിന് 1 ഏക്കർ സ്ഥലം ലീസിനെടുക്കുന്നതിന് EMDയായി നൽകിയ തുകയാണ്. 10.07.2013 ന് KSIDC യുമായി ഉണ്ടാക്കിയ കരാർ പ്രകാരം പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട് കക്ഷികൾ തമ്മിൽ ഒരു പാട്ടക്കരാർ നടപ്പിലാക്കിയാൽ, ഇഎംഡി റീഫണ്ട് ചെയ്യും. മിനി ഇൻഡസ്ട്രിയൽ കെട്ടിടം നിർമ്മാണം പൂർത്തിയായിട്ടും ആയതിൽ വ്യവസായ സംരഭങ്ങൾ ആരംഭിച്ച് പാട്ടക്കരാർ നടപ്പിലാക്കാത്തതിനാൽ നാളിതു വരെ KSIDCയിൽ നിന്ന് ഇ എം ഡി തിരികെ ലഭ്യമായിട്ടില്ല. പാട്ടക്കരാർ വ്യവസ്ഥകൾ പൂർത്തിയാക്കി KSIDC യിൽ കെട്ടിവെച്ച ഇ.എം.ഡി തുക തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

നിഷ്ക്രിയ ആസ്തിയായി തുടരുന്ന വനിതാ വ്യവസായ കേന്ദ്രം കെട്ടിടങ്ങൾ



1-22 ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന വാങ്ങൽ - മരുന്ന് നാളിതു വരെ ലഭ്യമായില്ല

അടങ്കൽ :-250000/-സംരക്ഷണഗ്രാന്റ് റോഡിതരം

ചെലവ് :- 250000/-(ബിൽ സാങ്ഷൻ നം.413 / 15-2-23 )

ഹോമിയോ ആശുപത്രിയിലേയ്ക്ക് ആവശ്യമായ മരുന്നുകൾ വാങ്ങാനായി മേൽ കാണിച്ച പ്രകാരം 250000 രൂപ ഹോമിയോ മെഡിക്കൽ ഓഫീസർ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. 24-3-23ലെ നം. 20/2023/GHDM,18-7-23 ലെ നം. 46/23/GHDM എന്നീ കത്തുകൾ മുഖേന എഗ്രിമെന്റ് വയ്ക്കുന്നതിനും തുക കൈപ്പറ്റിയ രശീതി നൽകുന്നതിനും, മരുന്ന് ലഭ്യമാക്കുന്നതിനുമായി ഹോംകോയ്ക്ക് എഴുതിയെങ്കിലും ഇതുവരെയും എഗ്രിമെന്റ് ലഭ്യമാക്കുകയോ തുക കൈപ്പറ്റിയ രശീതി നൽകുകയോ , മരുന്ന് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

ഹോംകോയുമായി ബന്ധപ്പെട്ട് മേൽ രേഖകളും 250000 രൂപയുടെ മരുന്നും ലഭ്യമാക്കി

അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (3/31-7-23) മറുപടി നൽകിയിട്ടില്ല. ഹോംകോയിൽ നിന്ന് മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് അറിയിക്കുന്നതുവരെ 250000 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-23 യൂസേഴ്സ് ഫീയിലുള്ള കുറവു കാരണം പഞ്ചായത്തിന് അധിക ബാധ്യതയുണ്ടാവുന്നു

ഹരിതകർമസേന അംഗങ്ങൾ ശേഖരിക്കുന്ന പാഴ് വസ്തുക്കൾ എം.സി.എഫ്.ൽ നിന്നും തരം തിരിച്ചതിന ശേഷം പ്ലാസ്റ്റിക് അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും വിപണനം ചെയ്യുന്നതിനും ഗ്രീൻ വേംമ്സ് ഇക്കോ സൊല്യൂഷൻസ് എന്ന സ്ഥാപനവുമായി 12/12/22 ന് പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അജൈവ പാഴ് വസ്തുക്കളുടെ ശേഖരണവും സംസ്കരണവും നടപ്പാക്കുന്നത് സംബന്ധിച്ച് സ്ഥാപനത്തിൽ കണ്ട പ്രവർത്തനങ്ങൾ/അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപനത്തിലെ മെറ്റീരിയൽ ഫെസിലിറ്റി സെന്റർ ഫലപ്രദമായ രീതിയിലാണ് പ്രവർത്തിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങളോട് കൂടിയ സ്വന്തം കെട്ടിടത്തിലാണ് എം.സി.എഫ്. പ്രവർത്തിക്കുന്നത്.
2. എം.സി.എഫിൽ ശേഖരിച്ചുവരുന്ന പാഴ് വസ്തുക്കൾ തരം തിരിച്ച് പുനരുപയോഗ സാധ്യതയുള്ള അജൈവ മാലിന്യങ്ങൾ തൂക്കി നൽകുകയും റിജക്ട് വേസ്റ്റ് ഗ്രീൻ വേർമ്സ് കമ്പനി ടെൻഡർ പ്രകാരം കയറ്റി കൊണ്ട് പോവുകയുമാണ് ചെയ്യുന്നത്.
3. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ എം.സി. എഫ്. ൽ എത്തിക്കുന്നതിനും എം.സി. എഫ്. ൽ പാഴ് വസ്തുക്കൾ തരം തിരിക്കാനും മതിയായ ഹരിതകർമസേന പ്രവർത്തകർ സ്ഥാപനത്തിലില്ല. 20 വാർഡുകളുള്ള പഞ്ചായത്തിൽ നിലവിൽ 20 ഹരിത കർമസേന പ്രവർത്തകർ മാത്രമാണുള്ളത്. അത് കൊണ്ട് തന്നെ വീടുകളിൽ കയറിയുള്ള അജൈവ മാലിന്യ ശേഖരണം പൂർണ്ണ തോതിൽ നടത്താനും ശേഖരിച്ചുവെച്ച പാഴ് വസ്തുക്കൾ തരം തിരിക്കാനും ഹരിത കർമ്മസേനയ്ക്ക് പൂർണ്ണമായും കഴിഞ്ഞിട്ടില്ല. കൂടാതെ വാർഡ് തലത്തിൽ മിനി എം.സി.എഫുകളും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.
4. ഹരിതകർമസേനക്ക് ആവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിലും അവരെ പ്രവർത്തനക്ഷമമാക്കുന്നതിലും പരിശീലനം നൽകുന്നതിനും നിർവ്വഹണോദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും പഞ്ചായത്ത് അധികൃതരുടെ ഭാഗത്ത് നിന്നും നേതൃത്വപരമായ പങ്ക് വഹിക്കലുണ്ടാവുന്നില്ല. ഹരിതകർമസേനയെ ആദായകരമായ സംരംഭമാക്കി മാറ്റുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളോ അധിക വരുമാന സാധ്യതകൾ കണ്ടെത്താനുള്ള പ്രവർത്തനങ്ങളോ സ്ഥാപനത്തിൽ നടക്കുന്നില്ല.
5. ദരേഖകൾ പ്രകാരം പഞ്ചായത്തിൽ 20വാർഡുകളിലായി 8942 വീടുകളുണ്ട്. സ്ഥാപനത്തിൽ ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ഹരിത കർമ്മസേന ജൂൺ മാസത്തിൽ യൂസേഴ്സ് ഫീയായി സ്ഥാപനത്തിലെ മൊത്തം വീടുകളിൽ നിന്ന് പിരിച്ചെടുത്തിരിക്കുന്നത് രണ്ട് ലക്ഷം രൂപക്കു താഴെ മാത്രമാണ്. മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് എം.സി. എഫിൽ എത്തിക്കുന്നതിനുള്ള ഹരിത കർമസേനയുടെ പ്രവർത്തനങ്ങൾക്ക് വേണ്ടരീതിയിലുള്ള പിന്തുണ ജനങ്ങളിൽനിന്ന് ലഭിക്കുന്നില്ലന്നതാണ് മേൽ ഡാറ്റകൾ സൂചിപ്പിക്കുന്നത്. മാലിന്യം ഉറവിടങ്ങളിൽ നിന്ന് തന്നെ സംസ്കരിക്കേണ്ടതുണ്ട്, മാലിന്യം അവനവന്റെ ഉത്തരവാദിത്തമാണന്ന ജീവിത സംസ്കാരം ഉയർന്നു വരേണ്ടതുണ്ട്.
6. പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും സംഭരിക്കുകയും വിൽപ്പന നടത്തുകയും ഉപയോഗിക്കുകയും ചെയ്യുന്ന വ്യക്തികൾ, വീടുകൾ, സ്ഥാപനങ്ങൾ ഏജൻസികൾ എന്നിവ ഉപയോഗം കഴിഞ്ഞ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ കഴുകി വൃത്തിയാക്കി പുനരുപയോഗം നടത്തേണ്ടതും പുനരുപയോഗം സാധ്യമല്ലാത്തവ

വൃത്തിയാക്കി ഉണക്കി തരം തിരിച്ചാണ് പഞ്ചായത്ത് ചുമതലപ്പെടുത്തുന്ന ഏജൻസികൾക്ക് നൽകേണ്ടത്.ആയത് പഞ്ചായത്തിൽ നടക്കുന്നില്ല.

7. മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചക്രമണത്തിലൂടെ മറ്റ് ഉത്പ്പന്നങ്ങളാക്കി മാറ്റുന്നതുവഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് പൊതു ജനങ്ങൾക്കായുള്ള ബോധവൽകരണവും ക്യാമ്പയിനും സ്ഥാപനത്തിൽ നടക്കുന്നില്ല.

8. 2022-23 കാലയളവിൽ എം.സി.എഫിൽ നിന്നുള്ള റിജക്ട് വേസ്റ്റ് കയറ്റി അയക്കുന്നതിനായി ക്ലീൻ കേരള കമ്പനിക്കും, ഗ്രീൻ വേംമ്സ് ഇക്കോ സൊല്യൂഷൻസ് കമ്പനിക്കുമായി 3 പ്രോജക്ടുകളിൽ 1560450 രൂപ നൽകിയിട്ടുണ്ട്. മാലിന്യം ഉറവിടങ്ങളിൽ നിന്ന് തന്നെ സംസ്കരിക്കേണ്ടതും വിൽപ്പന നടത്തുകയും ഉപയോഗിക്കുകയും ചെയ്യുന്ന വ്യക്തികളിൽ നിന്ന് മതിയായ യൂസേഴ്സ് ഫീസ് ഈടാക്കി പഞ്ചായത്തിന്റെ അധിക ബാധ്യത ഒഴിവാക്കേണ്ടതുമാണ്.

കേരള പഞ്ചായത്ത് രാജ് നിയമം 166 (1) വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേകമായി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ( ആർ.ടി) 880/2021/ തസ്വഭവ തീയതി 16.04.2021, സ.ഉ(ആർ.ടി) 949/2021/ തസ്വഭവ തീയതി 05.05.2021 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർവ്വഹിക്കുന്നതിൽ സ്ഥാപനത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. കൂടാതെ എം.സി.എഫിൽ അടിസ്ഥാന സൗകര്യമൊരുക്കി കൊടുക്കുന്നതിലും മാലിന്യം യഥാസമയം എം.സി.എഫുകളിൽ എത്തിക്കുന്നതിലും അവിടെ നിന്ന് നീക്കം ചെയ്യുന്നതിലും കരാറിൽ ഏർപ്പെട്ട കമ്പനികളെ കൃത്യമായി നിരീക്ഷിക്കുന്നതിലും മതിയായ ഇടപെടൽ നടത്തുന്നതിലും സ്ഥാപനത്തിന്റെ വീഴ്ച പ്രകടമാണ്. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറിക്ക് 10/22-23 നൽകിയ മറുപടി അംഗീകരിക്കുന്നു. എന്നാൽ 2022-23 സാമ്പത്തിക വർഷം റിജക്ട് വേസ്റ്റ് കയറ്റി അയയ്ക്കുന്നതിനായി 3 പ്രൊജക്ടുകളിലായി 15,60,450/- രൂപ എന്ന വൻതുക ചെലവഴിക്കാനിടയായത് ഓഡിറ്റ് ഗൗരവത്തോടെ വീക്ഷിക്കുന്നു. മാലിന്യമെന്നത് ഓരോ വ്യക്തിയുടെയും ഉത്തരവാദിത്വമായിരിക്കെ അവരിൽ നിന്നു തന്നെ മതിയായ യൂസേഴ്സ് ഫീ ഈടാക്കാത്തതാണ് ഇത്രയും ഭീമമായ സംഖ്യ പഞ്ചായത്തിന് ചെലവഴിക്കേണ്ടി വരാനിടയാക്കിയത്. ഭാവിയിൽ മതിയായ യൂസേഴ്സ് ഫീ ഈടാക്കി ഇപ്രകാരമുള്ള ചെലവ് ഒഴിവാക്കി അറിയിക്കേണ്ടതാണ്.

## 1-24 സർക്കാർ ഇടപാടുകൾക്ക് ബാങ്ക് ചാർജ് ഈടാക്കുന്നു

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ബാലുശ്ശേരി ബ്രാഞ്ചിന്റെ അക്കൌണ്ടിലാണ് ഇ-ടെണ്ടർ നടപ്പിലാക്കുമ്പോൾ ലഭിക്കുന്ന ടെണ്ടർ ഫീസ്, ഇഎംഡി തുടങ്ങിയ തുകകൾ ക്രെഡിറ്റ് ആകുന്നത്. (അക്കൗണ്ട് നമ്പർ -37261105809). പ്രസ്തുത അക്കൗണ്ടിലെ പണമിടപാടുകൾ പരിശോധിച്ചതിൽ ബാങ്ക് മിനിമം ബാലൻസ് ചാർജ്, അക്കൗണ്ട് കീപ്പിംഗ് ചാർജ് എന്നീ രീതിയിൽ വിവിധ തിയ്യതികളിലായി അക്കൗണ്ടിൽ നിന്ന് ബാങ്ക് ചാർജ്ജ് തുകകൾ ഈടാക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| തീയതി | തുക | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| 31-03-2020 | 590 | മിനിമം ബാലൻസ് ചാർജ്ജ് |
| 12-03-2020 | 649 | അക്കൌണ്ട് കീപ്പിങ്ങ് ചാർജ് |
| 13-02-2020 | 415 | അക്കൌണ്ട് കീപ്പിങ്ങ് ചാർജ് |
| 28-01-2020 | 883 | അക്കൌണ്ട് കീപ്പിങ്ങ് ചാർജ് |
| 30.11.2019 | 590 | മിനിമം ബാലൻസ് ചാർജ്ജ് |
| 31.10.2019 | 590 | മിനിമം ബാലൻസ് ചാർജ്ജ് |
| 30-04-2020 | 590 | മിനിമം ബാലൻസ് ചാർജ്ജ് |
| 12-03-2021 | 654 | അക്കൌണ്ട് കീപ്പിങ്ങ് ചാർജ് |
| 12-03-2023 | 649 | അക്കൌണ്ട് കീപ്പിങ്ങ് ചാർജ് |
| 20-04-2021 | 648 | അക്കൌണ്ട് കീപ്പിങ്ങ് ചാർജ് |
| ആകെ | 6258 | |

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അക്കൗണ്ടിൽ നിന്നും ഇപ്രകാരം ബാങ്ക് ചാർജ് ഈടാക്കുന്നത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ബാങ്ക് ഈടാക്കിയ തുക തിരികെ ഈടാക്കി ഗ്രാമ പഞ്ചായത്തിൽ അടയ്ക്കേണ്ടതുമാണ്.

1-25 ഫിഷറീസ് മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

ഉൾനാടൻ മത്സ്യബന്ധന മേഖലയിൽ മത്സ്യതൊഴിലാളികൾ ഉള്ള പഞ്ചായത്ത് പരിധിയിൽ മത്സ്യസംരക്ഷണ മേഖലയിൽ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിയിട്ടില്ല. മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2020-21, 21-22 വർഷങ്ങളിലായി ബയോഫ്ളോക്ക്, പടുതാകുളം എന്നീ മേഖലകളിലായി 2,84,846 രൂപ, 4,68,965 രൂപ എന്നിങ്ങനെ യഥാക്രമം ചെലവ് നടത്തിയിട്ടുണ്ട്. എന്നാൽ 2022-23, 2023-24 വർഷങ്ങളിൽ ഈ മേഖലയിൽ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. കൃഷി,മത്സ്യബന്ധനം തുടങ്ങിയ മേഖലയുമായി ബന്ധപ്പെട്ട 2022-23 വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചപ്പോൾ 11-5-22 തിയ്യതിയിലും അതിനു ശേഷം ചേർന്ന മീറ്റിംഗ്(തീയ്യതി വച്ചിട്ടില്ല) എന്നിവയിൽ ഫിഷറീസുമായി ചേർന്ന് പുതിയ പദ്ധതികൾ തുടങ്ങുവാനും അടുക്കള തോട്ട രീതിയിൽ ചെറിയ കുളങ്ങൾ നിർമ്മിച്ച് അതിൽ മത്സ്യങ്ങളെ വളർത്താനും ആവശ്യമായ പദ്ധതികൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കണം,വീട്ടുകളിലേക്കാവശ്യമായ ചെറിയ അളവിലുള്ള പടുതാ കുളങ്ങൾക്ക് സബ്സിഡി എന്നിവയെല്ലാം ചർച്ച ചെയ്തിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ സ്റ്റാറ്റസ് റിപ്പോർട്ടിൽ മത്സ്യബന്ധന മേഖലയിലെ അവസ്ഥാ വിശകലനം ചർച്ച ചെയ്ത് വിശദാംശം ഉൾപ്പെടുത്തിയിട്ടില്ല.

മത്സ്യ ഉൽപ്പാദനം വർദ്ധിപ്പിച്ച് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ പദ്ധതികൾ നടപ്പിലാക്കുന്നതിന് ജി.ഒ.(പി) 14/2020/ആ.സാ.വ തിയ്യതി- 18.05.20 നമ്പർ മാർഗ്ഗരേഖ പ്രകാരമുള്ള

സുഭിക്ഷ കേരളം പദ്ധതിയിലുള്ള സർക്കാർ നിർദ്ദേശവും പാലിച്ചിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം 166 പട്ടിക 3 പ്രകാരമുള്ള ഗ്രാമ പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലാ നിർവ്വഹണത്തിനായി കുളത്തിലെ മത്സ്യ സമ്പത്തിന്റെ വികസനവും ശുദ്ധജലത്തിലേയും ക്ഷാര ജലത്തിലേയും മീൻ വളർത്തലും നടപ്പാക്കുക, മത്സ്യകുഞ്ഞുങ്ങളുടെ ഉത്പാദനവും വിതരണവും വികസിപ്പിക്കുക, മീൻ പിടിത്തത്തിനുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുക, മത്സ്യ വിപണനത്തിനുള്ള സഹായം നൽകുക,മത്സ്യതൊഴലാളി കുടുംബങ്ങൾക്ക് കുറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ നൽകുക, മത്സ്യ തൊഴിലാളി ക്ഷേമ പദ്ധതികൾ നടപ്പിലാക്കുക എന്നിവ നിർവ്വഹിക്കേണ്ടതുണ്ട്. കൂടാതെ സ.ഉ.കൈ.നം.115/2022/ത.സ്വ.ഭ.വ തീ 28/05/2022 സബ്സിഡി മാർഗ്ഗരേഖ ഖ.6.4 (സി) പ്രകാരം മത്സ്യവിപണനം - സമുദ്ര ഉൾനാടൻ മേഖലയിൽ മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്കുകൾ, മത്സ്യ വിൽപ്പനയ്ക്കായി ഐസ് ബോക്സ് വിതരണം, മത്സ്യ വിൽപ്പനയ്ക്കായി ഇരുചക്ര മോട്ടോർ വാഹനവും ഐസ് ബോക്സും വിതരണം,എന്നീ പ്രോജക്ടുകളും, സ.ഉ.(കൈ) നം.84/2022/LSGD തീ 19/4/2022 രൂപീകരണ മാർഗ്ഗരേഖ ഖ 8.3 പ്രകാരം സമുദ്ര ഉൾനാടൻ മത്സ്യ സമ്പത്തിന്റെ പരിപോഷണം, മത്സ്യോൽപ്പാദനം, ഹാച്ചറി, മത്സ്യാധിഷ്ഠിത മൂല്യവർധിത ഉൽപ്പന്നങ്ങൾ, വിപണനം, മത്സ്യമേഖലയിലെ സേവനങ്ങൾ എന്നീ മേഖലകളിൽ തൊഴിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ,മത്സ്യ വിപണനത്തിന്റെ ആധുനികവത്കരണം, പരമ്പരാഗത മത്സ്യ തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക വികാസത്തിനും പുനരധിവാസത്തിനുമുള്ള പ്രോജക്ടുകൾ തുടങ്ങി മത്സ്യ ബന്ധനവുമായി ബന്ധപ്പെട്ട വിവിധങ്ങളായ പ്രോജക്ടുകളുടെ സാധ്യതകൾ ഉണ്ടായിട്ടുപോലും ഈ മേഖലകളിലൊന്നും തന്നെ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും തുടർവർഷങ്ങളിൽ പ്രസ്തുത മേഖലയിൽ വികസനം ലഭ്യമാകുന്ന രീതിയിൽ പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കി അറിയിക്കേണ്ടതുമാണ്.

## 1-26 ജൽ ജീവൻ പദ്ധതിക്ക് വേണ്ടി പൊളിച്ചുമാറ്റിയ റോഡുകൾ പുനസ്ഥാപിക്കുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്തിലെ വിവിധ റോഡുകളിൽ ജല അതോറിറ്റി ജലജീവൻ മിഷൻ പദ്ധതി പ്രകാരം പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് പൊളിച്ചുമാറ്റിയിട്ടുണ്ട്. എന്നാൽ ജലഅതോറിറ്റി ഈ റോഡുകൾ റെസ്റ്റോറേഷൻ നടത്തി ഗതാഗത യോഗ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ ഏതെല്ലാം റോഡുകളാണ് പദ്ധതിയ്ക്കായി പൊളിച്ച മാറ്റിയത് എന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ കണക്ക് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ താഴെ പറയുന്ന ടാർ/കോൺക്രീറ്റ് ചെയ്ത റോഡുകൾ ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൊളിച്ചുമാറ്റിയിട്ടുണ്ട്. ആയവ ഗതാഗത യോഗ്യമാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടില്ല.

| ക്രമ നമ്പർ | വാർഡ് | ജലജീവൻ പദ്ധതിയുടെ ഭാഗമായി പൊളിച്ച റോഡ് |
|---|---|---|
| 1 | 1 | കണ്ണാടിപ്പൊയിൽ ചങ്ങരോത്ത്കുന്നുമ്മൽ റോഡ് |
| 2 | | പൊട്ടൻ കാവ് റോഡ് |
| 3 | | കൊയലാട്ട് മുക്ക് റേഡ് |
| 4 | 2 | കുറുമ്പോയിൽ ടൌൺ കരിമ്പിൻ തേരി റോഡ് |
| 5 | 6 | പാടി എസ്റ്റേറ്റ് റോഡ് |

| | | |
|---|---|---|
| 6 | 7 | KSIDC ഓണം വയൽ റോഡ് |
| 7 | | എഴ കണ്ടി മായാടിപ്പൊയിൽ റോഡ് |
| 8 | | എഴകണ്ടി പൂവത്തും ചോല റോഡ് |
| 9 | | എച്ചിങ്ങാ പോയിൽ റോഡ് |
| 10 | | എഴകണ്ടി ആശാരിക്കൽ റോഡ് |
| 11 | 8 | പൂവ്വമ്പായി കിനാലൂർ ശിവക്ഷേത്രം റോഡ് |
| 12 | | മനത്താം വയൽ റോഡ് |
| 13 | | തച്ചംപൊയിൽ പള്ളി അങ്കണവാടി റോഡ് |
| 14 | | എഫ്എച്ച്സി പനങ്ങാട് ചാത്തോത്ത് താഴം റോഡ് |
| 15 | 9 | പൂവ്വമ്പായി ഈന്തം പൊയിൽ റോഡ് |
| 16 | 10 | രാരോത്ത് മുക്ക് ആര്യൻ കുന്നത്ത് താഴം റോഡ് |
| 17 | | ആര്യൻ കുന്നത്ത് താഴം കറ്റോട് റോഡ് |
| 18 | | ചാത്തോത്ത് താഴെ -പുതിയ കാവ് റോഡ് |
| 19 | 11 | ചിത്രമംഗലം പാലാപ്പറമ്പ് |
| 20 | | റോന്തയിൽ ചെമ്പായി താഴെ റോഡ് |
| 21 | | ഗുഡ് ഹോപ്പ് സ്കൂൾ റോഡ് |
| 22 | 12 | വട്ടോളി മലയിലകത്തുട്ട് ക്ഷേത്രം റോഡ് |
| 23 | 13 | അമര പുരി മഠത്തിൽ താഴ റോഡ് |
| 24 | | അമരപുരി കരുവാളിക്കണ്ടി റോഡ് |
| 25 | 14 | കുന്നൻകണ്ടി-പഞ്ചായത്ത് റോഡ് |
| 26 | | കുന്നൻകണ്ടി-അറപ്പീടിക ഇൻഡസ്ട്രിയൽ റോഡ് |
| 27 | | പൂളക്കണ്ടി പഞ്ചായത്ത് റോഡ് |
| 28 | 15 | പഞ്ചായത്ത് സ്മശാനം റോഡ് |
| 29 | | മൈലാടും കുന്ന് റോഡ് |
| 30 | | കോട്ട ശിവക്ഷേത്രം റോഡ് |
| 31 | 16 | തൃക്കോവിൽ എരത്ത് കണ്ടി റോഡ് |
| 32 | | കൊന്നോളി നേരാടി മല റോഡ് |
| 33 | | കൊന്നോളി എരത്ത് കണ്ടി റോഡ് |
| 34 | | സ: എ.കെ ഗോപാലൻ റോഡ് |
| 35 | | മാടത്തും കണ്ടി റോഡ് |
| 36 | 17 | മഞ്ഞപ്പാലം മരപ്പാലം കൊട്ടാരമുക്ക് റോഡ് |
| 37 | | മരപ്പാലം ആശാരിക്കൽ ക്ഷേത്രം റോഡ് |
| 38 | | വാകയാട് അങ്ങാടി റോഡ് |
| 39 | 18 | YMC ഗ്രൗണ്ട് റോഡ് |
| 40 | | പാറമുക്ക് കൊട്ടാരമുക്ക് ജുമാ മസ്ജിദ് റോഡ് |
| 41 | | ദേവിമുക്ക് കുതിരപ്പന്തി റോഡ് |
| 42 | | നിർമ്മല്ലൂർ അയ്യപ്പമഠം റോഡ് |
| 43 | | നരസിംഹക്ഷേത്രം മഞ്ഞപ്പാലം അങ്കൺ വാടി റോഡ് |

| | | |
|---|---|---|
| 44 | 19 | പനങ്ങാട് നോർത്ത് ചൊവ്വരിപ്പാടം റോഡ് |
| 45 | | വാഴോറ മല റോഡ് |

പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) ജല അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

ജലജീവൻമിഷൻ പ്രവൃത്തി നടക്കുന്ന റോഡുകളിലെ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തേണ്ടത് ജല അതോറിറ്റിയാണ്. എന്നാൽ ഇത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് വ്യക്തതയില്ല. പദ്ധതിയ്ക്കായി റോഡുകൾ ജല അതോറിറ്റിയ്ക്ക് കൈമാറുന്നത് സംബന്ധിച്ചും പൊളിച്ചുമാറ്റുന്ന റോഡുകൾ പുനസ്ഥാപിക്കുന്നത് സംബന്ധിച്ചും പഞ്ചായത്ത് ജല അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ജല അതോറിറ്റി പദ്ധതി നടത്തിപ്പിനായി പൊളിച്ച മാറ്റിയ റോഡുകൾ റെസ്റ്റോറേഷൻ നടത്താത്തത് ഗ്രാമപഞ്ചായത്തിന് വൻ ബാധ്യതയാകുന്നതാണ്.

2)റോഡ് മെയിന്റനൻസ് പ്രവർത്തികൾ നടപ്പിലാക്കാനാവാതെ ഫണ്ടുകൾ പാഴാകുന്നു

തൻവർഷം റോഡ് മെയിന്റനൻസ് പ്രവർത്തികൾക്കായി രൂപീകരിച്ചിട്ടുള്ള 36 പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. റോഡുകളിൽ ജൽ ജീവൻ പദ്ധതികൾ നടക്കുന്നതിനാലാണ് പദ്ധതി നടപ്പിലാക്കാൻ കഴിയാതിരുന്നത് എന്ന് എഞ്ചിനീയറിങ് വിഭാഗം അറിയിക്കുകയുണ്ടായി. ഏതെല്ലാം റോഡുകളിലാണ് ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കാത്തത് എന്ന് വ്യക്തമായ ധാരണയില്ലാതിരുന്നതാണ് മെയിന്റനൻസ് പ്രവൃത്തികൾക്ക് പദ്ധതി നടപ്പിലാക്കാൻ കഴിയാതെ ഫണ്ട് പാഴാകാനിടയാക്കിയത്. ഇതു കാരണം റോഡ് മെയിന്റനൻസിനായി 56,50,000 രൂപ അലോട്ട്മെന്റ് ലഭ്യമായതിൽ 36,08,581 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് (63.86%).

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് റോഡുകൾ പുന:സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 മൊബൈൽ ടവറിന്റെ വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത

2022-23 വർഷം വസ്തുനികുതി നിർണ്ണയം നടത്തിയ ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന റിലയൻസ് ജിയോ ഇൻഫ്രാടെൽ മൊബൈൽ ടവറിന്റെ നികുതി നിർണ്ണയിച്ചതിൽ അപാകതയുള്ളതായി കാണുന്നു. 3/1 B നമ്പരായി 2022-23 ഒന്നാം അർദ്ധവർഷം പ്രാബല്യത്തിൽ നികുതി നിർണ്ണയിച്ചപ്പോൾ ടവർ ബേസിന്റ മാത്രം വിസ്തീർണ്ണമായ 21.62 ചതുരശ്രമീറ്റർ Plinth Area കണക്കാക്കിയാണ് അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ചത് എന്ന് സഞ്ചയ ഫോറം-6 ൽ നിന്ന് വ്യക്തമാകുന്നത്. മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയത്തിന് കണക്കിലെടുക്കുന്ന ഭാഗങ്ങൾ സംബന്ധിച്ച് തദ്ദേശ ഭരണ വകുപ്പിന്റെ 26/02/2022 ലെ ആർ.ഡി.3/94/2020 നം. സർക്കുലർ പ്രകാരം മൊബൈൽ ടവറുകളുടെ പ്രവർത്തനത്തിന് ജനറേറ്റർ, മറ്റ് ഉപകരണങ്ങൾ എന്നിവ അനിവാര്യമായതിനാൽ ടവറുകളുടെ നികുതി നിർണ്ണയിക്കുന്നതിന് ടവർ ബേസ് വിസ്തീർണ്ണം, ജനറേറ്റർ, മറ്റ് ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം എന്നിവ കണക്കിലെടുക്കേണ്ടതാണ്.

റിലയൻസ് ടവറിന്റെ നികുതി നിർണ്ണയ ഫയലിൽ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള ടവർ ബേസ് വിസ്തീർണ്ണം മാത്രമാണ് നികുതി നിർണ്ണയത്തിന് പരിഗണിച്ചത്. കംപ്ലീഷൻ പ്ലാൻ പ്രകാരം ആകെ Pinth Area എന്നത് O.D.C 2.92 ചതുരശ്ര മീറ്റർ, D.G - 3.75 ചതുരശ്ര മീറ്റർ, Tower Base- 21.62 ചതുരശ്ര മീറ്റർ എന്നിവയുൾപ്പടെ 28.29 ചതുരശ്ര മീറ്റർ ആണ്. അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത ചുവടെ ചേർക്കുന്നു.

| നികുതി | Plinth Area | നികുതി നിരക്ക് | അടിസ്ഥാന നികുതി | ലൈബ്രറിസെസ്സ് |
|---|---|---|---|---|
| നിർണ്ണയിച്ച നികുതി | 21.62 Sq.M | 500/- | 21.62X500 = 10810 | 541 |
| നിർണ്ണയിക്കേണ്ടത് | 28.29 Sq.M | 500/- | 28.29X500 = 14145 | 707 |

| | | | | |
|---|---|---|---|---|
| നികുതി നിർണ്ണയിച്ചതിൽ കുറവ് | | | 3335/- | 166/- |

അടിസ്ഥാന വസ്തുനികുതിയിൽത്തന്നെ 3335/-യും, ഗ്രന്ഥശാലാവരി 166/- രൂപയും കുറവായാണ് നിർണ്ണയിച്ചിട്ടുള്ളത്. മേഖലാടിസ്ഥാനത്തിൽ 10% ഇളവുൾപ്പടെയാണ് നികുതി നിർണ്ണയിച്ചത്. അടിസ്ഥാന വസ്തുനികുതി നിർണ്ണയത്തിലെ അപാകത മൂലം പഞ്ചായത്തിന് നികുതി വരുമനത്തിൽ നഷ്ടം ഉണ്ടായിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതിയിലും, ഗ്രന്ഥശാലാവരിയിലും ഉണ്ടായ നഷ്ടം ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 2-2 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ - തനത് വരുമാനത്തിൽ നഷ്ടം

വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിന്റ 2022 - 23 വർഷത്തെ വരവിനങ്ങളുടെ ഓഡിറ്റിന്റെ ഭാഗമായി വസ്തുനികുതി നിർണ്ണയഫയൽ, സഞ്ചയ സോഫ്റ്റ് വെയറിലെ നികുതി നിർണ്ണയം എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതൾ ചുവടെ ചേർക്കുന്നു.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ കെട്ടിടത്തിന്റെ വിവിധ ഉപയോഗക്രമമനുസരിച്ച് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ആയതിൽ 200 $M^2$ മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 75/- രൂപയും, 100 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 50/- രൂപയുമാണ്. മേൽ ചട്ടത്തിലെ 3-ാംചട്ടത്തിലെ ഉപചട്ടം 2, 5 എന്നിവ പ്രകാരം ഒരു പ്ലോട്ടിലെ പരസ്പരം ബന്ധപ്പെടുത്തി നിർമ്മിച്ച കെട്ടിടം, ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്നിവയെ ഒറ്റ കെട്ടിടമായി കണ്ട് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി കെട്ടിടത്തെ പല മുറികളായി തിരിച്ച് അടിസ്ഥാനനിരക്ക് വസ്തുനികുതി നിർണ്ണയിച്ചു. വിശദാംശങ്ങൾ താഴെപ്പറയുന്നു. പെർമിറ്റ് പ്രകാരമുള്ള തറവിസ്തീർണ്ണം- തറനില- 270.64ച.മീ (ഷോപ്പ്) ഒന്നാംനില -231.68 ച.മീ (റെസിഡൻഷ്യൽ)SCR Floor - 38.40 = 540.72 ച.മീ

| ക്രമ നം. | ഉടമസ്ഥന്റെ പേര്, മേൽവിലാസം | ഭാഗികമായ പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള(തറനില) കെട്ടിട നമ്പർ, തറവിസ്തീർണ്ണം | വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ഈടാക്കിയ നികുതി സഞ്ചയ Form -6 പ്രകാരം | ഈടാക്കേണ്ട നികുതി |
|---|---|---|---|---|
| 1 | അബ്ദുൾ ഹക്കീം ചരപറമ്പിൽ തലയാട് | 5/ 570 A - 34.23ച .മീ | 2054 +103 | 270.64X75+20% 24358+1218 |
| | | 570 B - 34.23 ച .മീ | 2054 +103 | |
| | | 570 C - 21.39 ച .മീ | 1284+65 | |
| | | 570 D - 35.08 ച .മീ | 2105+106 | |

| | | | | |
|---|---|---|---|---|
| | | | | |
| | 673574 | 570 E - 35.08 ച .മീ | 2105+106 | |
| | | 570 F - 21.39 ച .മീ | 1284+65 | |
| | | 570 G - 21.39 ച .മീ | 1284+65 | |
| | | 570 H - 26.53ച .മീ | 1592+80 | |
| | | 570 J - 21.39 ച .മീ | 1284+65 | |
| | | 570 K - 21.39 ച .മീ | 1284+65 | |
| | | 272.08 ച .മീ | 16330 +823 | 24358+1218 |

മേൽ പ്രകാരമുള്ള കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാൻ പ്രകാരം നികുതി നിർണ്ണയ അവസരത്തിൽ 200 $M^2$ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 75/- രൂപ എന്ന് കണക്കാക്കാതെ, 100 $M^2$ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 50/- രൂപ എന്ന് കണക്കാക്കിയതിനാൽ വസ്തുനികുതി ഇനത്തിൽ 8028/-രൂപയും, ഗ്രന്ഥശാലാവരി ഇനത്തിൽ 395 രൂപ ഉൾപ്പെടെ ആകെ 8423/-രൂപ നഷ്ടമുണ്ടായിട്ടുണ്ട്. ഇതിൽ പഞ്ചായത്തിന് ഉണ്ടായ നഷ്ടം വസ്തുനികുതി ഭാഗം ആയ 8028/- രൂപ ആണ്. മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി ( 13/2022 - 23 തീയതി - 02.08.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി പുനപരിശോധിച്ച് , പുനർനിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്. കൂടാതെ തനത് വരുമാനത്തിൽ ചോർച്ച ഉണ്ടാവുന്നില്ലെന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും, സെക്രട്ടറിയും ഉറപ്പ് വരുത്തേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 26.07.2023- 30.08.2023 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| | വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 275000 | സംയോജിത നെൽകൃഷി വികസനം -കൂലി ചെലവ് സബ്സിഡി | 275000 |
| | 2022-23 | 714150 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 714150 |
| | 2022-23 | 250000 | ക്ഷീരകർഷകർ അളക്കുന്ന പാലിൻ ഇൻസെന്റീവ്- സംയുക്ത പ്രോജക്റ്റ് | 250000 |
| | 2022-23 | 106640 | ലൈഫ്ഭവനപദ്ധതി ജനറൽ | 106640 |
| | 2022-23 | 3083593 | ലൈഫ്ഭവനപദ്ധതി(എസ്.സി) | 3083593 |
| | 2022-23 | 264000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 264000 |
| ആകെ | | 4693383 | | 4693383 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 253790 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 253790 |
| | 2022-23 | 860000 | ലൈഫ്ഭവനപദ്ധതി(എസ്.സി)SO | 860000 |
| | 2022-23 | 2610000 | ലൈഫ്ഭവനപദ്ധതി(എസ്.സി) | 2610000 |
| | 2022-23 | 50000 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 50000 |
| | 2022-23 | 250000 | ക്ഷീരകർഷകർ അളക്കുന്ന പാലിൻ ഇൻസെന്റീവ്- സംയുക്ത പ്രോജക്റ്റ് | 250000 |
| ആകെ | | 4023790 | | 4023790 |
| ഗ്രാമപഞ്ചായത്ത് | 2022-23 | 28625 | ബാല്യശ്ശേരി-പള്ളിത്താഴെ റോഡ് ടാറിംഗ് | 28625 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ സാങ്ഷൻ നമ്പർ/ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പൊതു മരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിങ്ങ് | തലയാട് ആയുർവേദ ആശുപത്രിയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | 463/ 10-3-23 | 324178-/ | 0 | 324178-/ |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻ തൻവർഷം എടുത്തവായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവനപദ്ധതി KURDFC LOAN | 68/18 തീ.18/05/2018 | 0 | 1045970 | 3633895 | 0 | 6825806 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 451920 |
| തൻവർഷം നിക്ഷേപിച്ച തുക | 31634 |
| ആകെ | 483554 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 483554 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരങ്ങൾ

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|

| | |
|---|---|
| FD No. 25252 Dtd 31-03-2021 പനങ്ങാട് സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 483554 |
| ആകെ | 483554 |

## 4-7 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ /തീയതി |
|---|---|---|---|---|
| 2008-09 | 3-13 | 110/- | ഷിബു, ഡ്രൈവർ, പനങ്ങാട് ഗ്രാമപഞ്ചായത്ത് | 1230101276 തീ.03/08/2022 |
| 2012-13 | 3-13 | 2400/- | ഷംന,പ്രഭുലേഷ്(MGNREGS Staff) | 12201011291 തീ.05/08/2022 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | | 2001-02 | 11.7.പേജ് 76 | വയലട പ്രാഥമികാരോഗ്യ കേന്ദ്രം- പാഴ് ചെലവ് | 2006-08(11) ഖ 153 നിലവിലെ അവസ്ഥ സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ ശുപാർശ |
| 2001-02 | | 2002-03 | 11(3),പേജ് 114,115 | ഓട്ടുമേയൽ ധനസഹായം | 2011-14(12) ഖ.71 ഒഴിവാക്കാൻ ശുപാർശ |
| 2001-02 | | 2003-04 (മറ്റ് പരാമർശം) | 11.4,പേജ് 118 | നളന്ദ ഹെറിറ്റേജ് മ്യൂസിയം | |
| 2003-04 | 3-2 | 2006-07 പൊതു പരാമർശം) | 3.79.12.4.പേജ് 109 | കാർഷികോപകരണ വിതരണം | 21-23(1), S1-814/22 /31-1-23 ഒഴിവാക്കാൻ ശുപാർശ |

| | | | | | |
|---|---|---|---|---|---|
| 2015-16 | 3-5 | 2016-17 | 6B പേജ് 93 | ആശ്രയ ധനവിനിയോഗം സാധ്യമാകാത്തത് | |
| 2015-16 | 2-1 | 2016-17 | അനുബന്ധം 4, പേജ് 188 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-3 | 2016-17 | അനുബന്ധം 5, പേജ് 211 | തൊഴിൽ നികുതി അപാകതകൾ | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 6,20,51,481 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 5,26,72,551 |
| വരവിനങ്ങളിലുള്ള നഷ്ടം | 11,363 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ---- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13,10,526 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 3335 | - | ശ്രീ. മുഹമ്മദ് ലുക്മാൻ.എം.പി , സെക്രട്ടറി |
| 2-2 | 8028 | - | ശ്രീ. മുഹമ്മദ് ലുക്മാൻ.എം.പി , സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 324178/- | ഡോ. മിനി.ജെ, മെഡിക്കൽ ഓഫീസർ (ആയുർവേദം) |

| | | |
|---|---|---|
| 1-22 | 250000/- | ഡോ. മുഹമ്മദ് റാഷിദ്, മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 1-15 | 54088/- | ഡോ. ശരണ്യ ,മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| 1-18 | 450000/- | ശ്രീ. മുഹമ്മദ് ലുക് മാൻ.എം.പി ,സെക്രട്ടറി |
| 1-16 | 24000/- | ശിവപ്രസാദ്, അസി.എഞ്ചിനീയർ |
| 1-19 | 208260/- | ശിവപ്രസാദ്, അസി.എഞ്ചിനീയർ |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ലൈബ്രറി സെസ്- 561 -/ രൂപ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. മുഹമ്മദ് റാഷിദ്, മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഹോമിയോ ഡിസ്പെൻസറി, മങ്കയം | പുതിയമ്പ്ര, ഉണ്ണികുളം |
| ഡോ. മിനി.ജെ | ആയുർവേദ ഹോസ്പിറ്റൽ, തലയാട് | നമ്പ്രത്ത്(വീട്), ഉമയനല്ലൂർ( പി.ഒ) കൊല്ലം,691587 |
| ഡോ. ശരണ്യ ,മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | പി.എച്ച്. സി, വയലട | ശ്രീശൈലം, ചെമ്പ്ര റോഡ്, പേരാമ്പ്ര |
| ശ്രീ. മുഹമ്മദ് ലുക്മാൻ.എം.പി സെക്രട്ടറി | പനങ്ങാട് ഗ്രാമപഞ്ചായത്ത് | കല്ലുകണ്ടി വീട്, നന്മണ്ട |
| ശിവപ്രസാദ്, അസി.എഞ്ചിനീയർ | പനങ്ങാട് ഗ്രാമപഞ്ചായത്ത് | ശിവാനി, വട്ടോളി ബസാർ പി.ഒ |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും | തീർപ്പാക്കാൻ | തീർപ്പാക്കാൻ |
|---|---|---|---|

| റിപ്പോർട്ട് വർഷം | പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 2001-02 | കെ.എസ്.എ.കെ.കെ.ഡി/പി2/ 873(2)/22തീ. 05/02/2023 | 1 | 25 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി/പി2/ 873(3)/22 തീ. 05/02/2023 | 1 | 3-2 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി2/ 1439(5)/22 തീ. 04/02/2023 | 1 | 2-1 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി2/ 885(3)/22 തീ. 03/02/2023 | 2 | 2-3, 3-5 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി2/ 885(4)/22 തീ. 03/02/2023 | 1 | 3-6 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി2/ 1439(2)/22 തീ. 03/02/2023 | 1 | 2-1 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി2/ 1439(1)/22 തീ. 03/02/2023 | 3 | 1-11(4-10), 1-16, 1-17(2,3) |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി2/ 96/22 തീയതി. 13/01/2023 | 15 | 1-2-1(7,10,11,12) 1-4-1, 1-10, 1-11, 1-13(1, 11), 1-14, 1-19,1-20,1-22,1-24,1-27, 1-28(1,2,34,5,6,7,9,13), 2-1,3-2,4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി/പി3/ 1043/21 തീയതി. 13/09/2021 | 55 | 1-1 To 1-37, 3-1, 3-2, 3-3, 4-1 To 4-11 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി/പി2/ 2290/22 തീയതി. 12/01/2023 | 46 | 1-1 To 1-31, 2-1, 2-2, 3-1, 4-1 To 4-11 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 27-06-2023 and submitted on 27-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Panangad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Panangad Grama Panchayat for the year 2022-2023

Date: 05/10/2023

Deputy Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Panangad Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

a .The accuracy of the cash flow statement is not Certified in the audit.

b. Liability in Respect of Stale Cheques not incuded in B9 Schedule.

c.The project excuted by the Asst.Engineer have been part billed but no amount has been entered under the head Capital Work in progress.

d.Asset Register is not kept up to date.

e.Basic ratios to accounts are not included in AFS.

f.Physical verification certificate of closing stock has not been recorded.

g. Previous year closing balance does not match with current year, Receipt, Payment and closing balance in Deposit Head.

DeputyDirector

Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്